VOL NO: 10 I ISSUE 01

# നേർപഥം വാരിക

www.nerpatham.com I mail@nerpatham.com
2026 JANUARY 03 I ₹10



# മതനിരപേക്ഷ ഇന്ത്യയോട് സംഘ്പരിവാർ ചെയ്തുകൊണ്ടിരിക്കുന്നത്

ഹിന്ദു സംസ്കാരം നശിച്ചാൽ ഭൂമിശാസ്ത്രപരമായി വെറും രാഷ്ട്രീയപിണ്ഡമായി രാജ്യം മാറുമെന്നും അതിനാൽ ഇന്ത്യയുടെ ബഹുസ്വരതയെ ഇല്ലാതാക്കി ഏകാത്മകതയിലേക്ക് പറിച്ചുനടുകയാണ് വേണ്ടതെന്നുമാണ് സംഘ്പരിവാർ മുന്നോട്ടുവയ്ക്കുന്ന തത്ത്വശാസ്ത്രം. അധികാര പിൻബലത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും അത് തന്നെയാണ്.

## ഇസ്‌ലാമിക നിയമങ്ങളുടെ സാർവകാലികത

## വൈവിധ്യങ്ങൾ ഭിന്നിക്കുവാനല്ല

## തുറന്നുകാട്ടപ്പെട്ട വഞ്ചനകളും വിചിത്രമായ കൂട്ടുകെട്ടുകളും

മുജീബ് ഒട്ടുമ്മൽ • നബീൽ പയ്യോളി • മൂസ സ്വലാഹി കാര



دار الحكمة
WISDOM
HOUSE
നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.
A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD
For more Information:
Phone: 0495 4019437
Mob: +91 9567070031

467

നേർപഥം വാരിക

2026 ജനുവരി 03
1447 റജബ് 14
പുസ്തകം 10 / ലക്കം 01



Managing Editor: **Nasir Balusseri**
Editor: **Usman Palakkazhi**
Chief Editor: **Anil Primrose**

Cover: **Anil**
Design & Layout: **Musthafa Mannarottil**
Web Editor: **Haseeb Elayur**

Printed, published & owned by: **K. Sajjad**
Printed at : **Sprint Offset Printers, Kozhikode**
Published at : **Kozhikode - 673 002**





കവർ സ്റ്റോറി




മുജീബ് ഒട്ടുമ്മൽ

ഹിന്ദു സംസ്കാരം നശിച്ചാൽ ഭൂമിശാസ്ത്രപരമായി വെറും രാഷ്ട്രീയപിണ്ഡമായി രാജ്യം മാറുമെന്നും അതിനാൽ ഇന്ത്യയുടെ ബഹുസ്വരതയെ ഇല്ലാതാക്കി ഏകാത്മകതയിലേക്ക് പറിച്ചുനടുകയാണ് വേണ്ടതെന്നുമാണ് സംഘ്പരിവാർ മുന്നോട്ടുവയ്ക്കുന്ന തത്ത്വശാസ്ത്രം. അധികാര പിൻബലത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും അത് തന്നെയാണ്.


**05** മുഖമൊഴി
ഇസ്‌ലാമിക നിയമങ്ങളുടെ സാർവകാലികത

**06** നമുക്കുചുറ്റും
മനോഹരം ഈ 'ടീം വർക്ക്!
നബീൽ പയ്യോളി

**09** ബാലപഥം
വിശപ്പാണ് മുന്തിയ കൂട്ടാൻ
അഫ്‌വാന ബിൻത് ലത്തീഫ് വടുതല

**17** വനിതാപഥം
ക്ഷമയിലെ നന്മ
നസീമ വാടാനപ്പള്ളി

**18** ലേഖനം
തുറന്നുകാട്ടപ്പെട്ട വഞ്ചനകളും വിചിത്രമായ കൂട്ടുകെട്ടുകളും
മുഹമ്മദ് അമീൻ

**23** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅദി
സൂറതു ഖസ്വസ്വ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** വിമർശനം
സ്ത്രീ പള്ളി പ്രവേശനവും മുസ്‌ലിയാക്കന്മാരുടെ 'ഹറാം' ഫത്‌വയും
മൂസ സ്വലാഹി കാര

**31** ലേഖനം
വൈവിധ്യങ്ങൾ ഭിന്നിക്കുവാനല്ല
ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്

**34** ബാലപഥം
ലഹരിയെ തുരത്തുക
സാബിറ ബിൻത് സലീം. പി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വിസ്ഡം പോഷക ഘടകങ്ങൾക്ക് പുതിയ സാരഥികൾ

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ പോഷക ഘടകങ്ങളുടെ 2026-29 വർഷത്തേക്കുള്ള സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു.

### വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ

പ്രസിഡന്റ് : ടി. കെ നിഷാദ് സലഫി
ജന: സെക്രട്ടറി : ഡോ. വി.പി ബഷീർ
ട്രഷറർ : കെ. സിനാജുദ്ദീൻ
വൈ: പ്രസിഡന്റുമാർ
1. കെ. താജുദ്ദീൻ സ്വലാഹി
2. ഡോ. കെ ഫസ് ലുറഹ്മാൻ
3. ഡോ. പി പി നസീഫ്
4. കെ. ജംഷീർ സ്വലാഹി
5. സി അബ്ദുറഹ്മാൻ ഫാറൂഖി

സെക്രട്ടറിമാർ:
1. കെ.പി മുഹമ്മദ് ഷമീൽ
2. ടി. കെ ഉബൈദ്
3. ടി. ഉമർ അമീർ
4. കെ.എ നൗഫൽ
5. പി.എച്ച് മഹബൂബലി
6. വി.അവാം സുറൂർ

### വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ

പ്രസിഡന്റ് : മുഹമ്മദ് ഷമീൽ ടി.
ജന: സെക്രട്ടറി : സ്വഫ്‌വാൻ ബറാമി അൽ ഹികമി
ട്രഷറർ : കാബിൽ സി.വി.
വൈസ് പ്രസിഡന്റുമാർ
1. ഡോ.ഷഹബാസ് കെ. അബ്ബാസ്
2. ഡോ. അബ്ദുല്ല ബാസിൽ സി.പി.
3. അസ്ഹർ അബ്ദുറസാഖ്
4. സുജൈദ് പാണ്ടിക്കാട്
5. ഷാമിൽ കെ.എം. എടവണ്ണപ്പാറ

സെക്രട്ടിമാർ : 1. റിഷാദ് അൽ ഹികമി പൂക്കാടഞ്ചേരി
2. റൈഹാൻ ഷഹീദ് കാക്കനാട്
3. ഫസീഹ് പി.ഒ. തിരുരങ്ങാടി
4. മുഹമ്മദ് അലവി വളവന്നൂർ
5. നുസ്ഹാൻ രണ്ടത്താണി
6. ദാനിഷ് സുല്ലമി വണ്ടൂർ
7. ജസീം പി. പെരിന്തൽമണ്ണ

### വിസ്ഡം ഇസ്‌ലാമിക് വിമൻ ഓർഗനൈസേഷൻ

പ്രസിഡന്റ് : സഹ്റ സുല്ലമിയ്യ
ജന:സെക്രട്ടറി : ഡോ.റസീല
ട്രഷറർ : എംസി അസ്മാബി
വൈസ് പ്രസിഡന്റുമാർ
: 1. ഡോ. സലീല
: 2. ഉമ്മു സൽമ.വി
: 3. തൗഹീദ.ടി

സെക്രട്ടറിമാർ
1. നജീബ പി.കെ
2. സീനത്ത് .കെ
3. സഫീറ പി
4. സൈനബ റഊഫ

### വിസ്ഡം ഇസ്‌ലാമിക് ഗേൾസ് ഓർഗനൈസേഷൻ

പ്രസിഡന്റ് : നുബ്‌ല. എം
ജന: സെക്രട്ടറി : ഹനീന ടി.കെ
ട്രഷറർ : ഹഫ്സ കബീർ സി.പി
വൈസ് പ്രസിഡന്റുമാർ
1. നാഫിയ കെ
2. ഫാത്തിമ സിദ്ദീഖ്
3. ദിയാന പർവീൻ

ജോ. സെക്രട്ടറിമാർ
1. ഫാത്തിമ ഫഹ്മി
2. ശിഫാ ഹാരിസ്
3. റെജുവ വി.പി
4. വഫ ഷെറി

മുഖമൊഴി

# ഇസ്‌ലാമിക നിയമങ്ങളുടെ സാർവകാലികത

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. വിവിധ ഭാഷകളിലും ആചാരമര്യാദകളിലും ജീവിക്കുന്ന അവർ പലരൂപത്തിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തികളും കുടുംബങ്ങളും ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ ശാന്തമായ പ്രയാണത്തിന് നിയമങ്ങളും മാർഗരേഖകളും അനിവാര്യമാണ്. അവ പാലിക്കപ്പെടുമ്പോഴാണ് ശക്തവും സംഘടിതവുമായ ഒരു ജനത രൂപപ്പെടുന്നത്.

മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട നിയമങ്ങൾ സർവരാലും സുസമ്മതമായിത്തീരുകയോ സാർവകാലികവും സർവജനീനവുമായി അംഗീകരിക്കപ്പെടുകയോ ചെയ്യുന്നില്ല. ഇന്നലെകളിൽ സുന്ദരമായി അംഗീകരിക്കപ്പെട്ടിരുന്ന തത്ത്വങ്ങൾ ഇന്ന് ചരിത്രാവശിഷ്ടമായിത്തീരുന്നത് നാം കാണുന്നു.

മനുഷ്യേന്ദ്രിയങ്ങൾക്ക് പരിധിയും പരിമിതിയും ഉണ്ട് എന്ന യാഥാർഥ്യം അംഗീകരിക്കുന്നതോടൊപ്പം മനുഷ്യബുദ്ധിയുടെ അതിരുകളും ഇത് നമ്മെ അറിയിക്കുന്നു. ചിലർക്ക് സദാചാരമായിത്തീരുന്നത് മറ്റു ചിലർക്ക് ദുരാചാരമായി കാണേണ്ടിവരുന്നു. ചില ദേശക്കാർക്ക് അനുകൂലമായ കാര്യങ്ങൾ മറ്റുചിലർക്ക് പ്രതികൂലമായിത്തീരുന്നു. മനുഷ്യബുദ്ധിക്ക് എത്രതന്നെ വികാസം സംഭവിച്ചാലും ഇത്തരം പരിമിതികളിൽ നിന്നും പുറത്തുപോകാനാവില്ല. എങ്കിൽ സ്ഥലകാലങ്ങൾക്ക് അതീതമായവന്റെ ആജ്ഞാനിർദേശങ്ങൾ അനിവാര്യമാണെന്ന് നാം അംഗീകരിക്കേണ്ടി വരുന്നു.

ജനങ്ങളെ വ്യത്യസ്ത മാർഗത്തിലേക്ക് വഴിനടത്തുവാനായി പ്രവാചകന്മാരെയും വേദഗ്രന്ഥങ്ങളെയും അല്ലാഹു നിയോഗിച്ചയച്ചു. പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്തത് ഇസ്‌ലാമായിരുന്നു. ജനങ്ങൾ സ്വർഗപാതയിൽ നിന്ന് വ്യതിചലിക്കുകയും അഭിപ്രായവ്യത്യാസത്തിൽ ആയിത്തീരുകയും ചെയ്തപ്പോഴാണ് പ്രവാചകന്മാരെ അയച്ചത്.

മുൻവേദ ഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട, സകല പ്രവാചകന്മാരെയും വേദഗ്രന്ഥങ്ങളെയും ശക്തിപ്പെടുത്തുകയും ചെയ്ത മുഹമ്മദ് നബി(സ്വ) അന്തിമ ദൂതനായി നിയോഗിതനായി. അതോടുകൂടി ഇസ്‌ലാമിനെ പൂർത്തീകരിക്കുകയും ഇസ്‌ലാമല്ലാത്ത മതം അല്ലാഹുവിങ്കൽ അസ്വീകാര്യമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

നിസ്സാരമായി ജനങ്ങൾ കണക്കാക്കുന്ന കാര്യങ്ങൾ മുതൽ ഗൗരവതരമായ വിഷയങ്ങളിൽ വരെ അല്ലാഹുവിന്റെ ദിവ്യബോധനം അനുസരിച്ചുള്ള നിയമങ്ങൾ ഇസ്‌ലാമിന് മാത്രം അവകാശപ്പെട്ടതാണ്. കുടുംബപരവും സാമൂഹികവും വൈയക്തികവും സാമ്പത്തികവും രാഷ്ട്രീയവുമായ കാര്യങ്ങൾ മുതൽ ഇതര ജീവികളോട് അനുവർത്തിക്കേണ്ട കാര്യങ്ങൾ വരെ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. യുദ്ധത്തിലും സമാധാനത്തിലും സന്ധിയിലും കൈക്കൊള്ളേണ്ട നിയമങ്ങൾ അതിൽ ഉണ്ട്.

ഇസ്‌ലാം മുന്നോട്ട് വെക്കുന്ന കാര്യങ്ങളിൽ ഒന്ന് പോലും മനുഷ്യന് ഉൾക്കൊള്ളാൻ കഴിയാത്തതായി ഇല്ല. മതം വിരോധിച്ച കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് നല്ലതാണെന്നോ ഇസ്‌ലാം അംഗീകരിച്ച കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് മോശമാണെന്നോ ഒരാൾക്കും പറയാൻ സാധ്യമല്ല. ഇസ്‌ലാമിനെതിരെ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളെല്ലാം ബാലിശമാണെന്ന്, മുൻവിധിയില്ലാതെ പഠിക്കുന്ന ഏതൊരാൾക്കും ബോധ്യമാകും. അതിനുള്ള സൗകര്യമൊരുക്കുകയാണ് മുസ്‌ലിം കൂട്ടായ്മകൾ ചെയ്യേണ്ടത്.



ടീം വർക്കിനും കൂടിയാലോചനക്കും ഇസ്‌ലാം വലിയ പ്രാധാന്യം നൽകുന്നുണ്ട്. ചെറിയൊരു സംഘമാണെങ്കിലും അതിനൊരു നേതാവു വേണമെന്ന് പ്രവാചകൻ(സ്വ) പഠിപ്പിച്ചത് ടീം വർക്കിന്റെ പ്രാധാന്യമറിയിക്കുന്നതാണ്.

# മനോഹരം ഈ 'ടീം വർക്ക്!'


**നബീൽ പയ്യോളി**

: +966 55 771 0981


വ്യക്തിഗത നേട്ടങ്ങൾ ആഗ്രഹിക്കുന്നതിനപ്പുറം ടീം എന്ന മാനസികാവസ്ഥയിലേക്ക് മാറിയതിന്റെ പ്രതിഫലനം ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്തുണ്ടായി എന്നു വേണം കരുതാൻ. മനുഷ്യർ വ്യത്യസ്ത കഴിവുകളുള്ളവരാണ്. ഒരാളെയും മറ്റൊരാളുമായി താരതമ്യം ചെയ്യാൻ സാധ്യമാവാത്ത വിധം വ്യത്യസ്തരാണ് എല്ലാവരും. കഴിവും കാഴ്ചപ്പാടും ഇടപെടലുകളും പരിധികളും പരിമിതികളും അടക്കം ഏതൊക്കെ മാനദണ്ഡങ്ങൾ എടുത്താലും വൈവിധ്യങ്ങൾ തന്നെ. അതാണ് ടീം എന്ന മനോഹരമായ പൂന്തോട്ടത്തെ പ്രശോഭിതമാക്കുന്നത്. വ്യത്യസ്തമായ കഴിവുകൾ ഉപയോഗപ്പെടുത്തി ഒരു മനസ്സോടെ, ഒരു ശരീരം എന്ന രൂപത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമ്പോൾ അതുണ്ടാക്കുന്ന ഫലം മനോഹരമാണ്.

വ്യക്തികളെ ഉയർത്തിക്കാട്ടി അവർക്കു പിന്നിൽ അണിനിരക്കുന്ന പഴയ രീതിയിൽ നിന്നും സമൂഹം വളരെ യധികം മാറിയിട്ടുണ്ട് എന്നാണ് മനസ്സിലാകുന്നത്. ഞങ്ങൾ ഒരു ടീം ആണെന്ന് പറയു

ന്നതിലൂടെ സമൂഹത്തിലേക്ക് പ്രസരിപ്പിക്കുന്ന ഊർജവും ആത്മവിശ്വാസവും ചെറുതല്ല. ടീമിൽ ലയിച്ചുചേരുന്ന ഓരോരുത്തരും ആ മനോഹാരിതയെ കൂടുതൽ വർധിപ്പിക്കുന്നു. വ്യത്യസ്ത കഴിവുകൾ സമ്മേളിക്കുന്നിടത്ത് ഏറ്റവും നല്ലതിലേക്ക് എത്തിച്ചേരുന്നു എന്നതാണ് ടീം വർക്കിന്റെ പ്രതിഫലനം. വ്യക്തികൾക്ക് ചെയ്യാൻ സാധിക്കാത്തത് ഒരു കൂട്ടം ആളുകൾക്ക് ചെയ്യാൻ സാധ്യമാവും എന്നതിനപ്പുറം അത് ഏറ്റവും മനോഹരമായി നടപ്പിലാക്കാൻ സാധിക്കും എന്നതാണ് അതിന്റെ മേന്മ. വൈവിധ്യങ്ങൾ ഒരുമിച്ച് ചേരുമ്പോൾ ആശയങ്ങളും പ്ലാനുകളും ചെത്തിമിനുക്കി മനോഹരമായി മാറിയ ഉത്പന്നമാണ് സമൂഹത്തിലേക്ക് എത്തുന്നത്. ടീം സ്പിരിറ്റ് കൂടുതൽ സജീവവും ഊർജസ്വലവും ആത്മവിശ്വാസത്തോടെയും കാര്യങ്ങൾ ചെയ്യാൻ സാധ്യമാക്കുന്നത് കൂടിയാണ്. ടീം എന്നതിന് സാഹചര്യങ്ങൾക്കനുസരിച്ച് വലുപ്പ വ്യത്യാസം ഉണ്ടാവും.

മനുഷ്യൻ ഒരു മഹാത്ഭുതമാണ്. ലോകം എത്ര പുരോഗമിച്ചാലും ഏതൊക്കെ നേട്ടങ്ങൾ കൊയ്താലും അതിന് പിന്നിലും മുന്നിലും മനുഷ്യൻ എന്ന മഹാപ്രതിഭയുടെ ആവശ്യകതയുണ്ട്. നേട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും അത് ഉപയോഗപ്പെടുത്താനും മനുഷ്യന് സാധ്യമാവുന്നു എന്നതാണ് പുരോഗമനമായി കണക്കാക്കേണ്ടത്. അതുകൊണ്ട് തന്നെയാണ് അമേരിക്കയും യൂറോപ്പും ചൈനയും അടക്കം ജനന നിയന്ത്രണത്തിന്റെ പ്രത്യാഘാതങ്ങളിൽനിന്നും രക്ഷപ്പെടാനുള്ള മാർഗങ്ങൾ സ്വീകരിക്കുന്നത്. അമേരിക്കയുടെ പുതിയ പ്രസിഡന്റ് ജെന്റർ പൊളിറ്റിക്സിനെ റദ്ദ് ചെയ്യും വിധമുള്ള നിലപാടെടുത്തതും മനുഷ്യൻ എന്ന പ്രതിഭയുടെ ലഭ്യതക്കുറവ് സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതത്തെ മുന്നിൽ കണ്ടു തന്നെയാണ്. പ്രതിഭാശാലികളായ വിദേശികൾക്ക് പൗരത്വം നൽകി മനുഷ്യ സമ്പത്തിലെ കുറവ് നികത്താൻ പുരോഗമാനത്തിന്റെ ചിറകിലേറിയ രാജ്യങ്ങൾ പരിശ്രമിക്കുമ്പോൾ അത് സാമൂഹിക പ്രത്യാഘാതങ്ങളുണ്ടാക്കുന്നതും ഭരണകൂടങ്ങൾക്ക് നേരെയുള്ള ആയുധവുമായി മാറുന്ന കാഴ്ചയും അത്തരം രാജ്യങ്ങളിൽ കാണുന്നുണ്ട്. വലിയ പൊളിറ്റിക്കൽ വെപ്പൺ ആണ് മൈഗ്രേഷനും വിദേശികളുമെല്ലാം എന്നത് ആധുനിക ലോകക്രമം വീക്ഷിക്കുന്ന ഏതൊരാൾക്കും ബോധ്യമാവും.

മാനവവിഭവ ശേഷിയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്നതാണ് ടീം വർക്കിന്റെ അടിസ്ഥാനം. കുടുംബം, സമൂഹം, രാഷ്ട്രം എന്നിങ്ങനെ ഏത് തലത്തിലാണെങ്കിലും മാനവവിഭവശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ബോധപൂർവമായ ശ്രമങ്ങളുണ്ടായാൽ അത്ഭുതകരമായ മാറ്റങ്ങൾ സാധ്യമാണ്.  അവസരങ്ങൾ ബോധപൂർവമായി സൃഷ്ടിക്കപ്പെടേണ്ടതും അത് ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതും സാമൂഹിക താൽപര്യങ്ങളാണ്. അവസരങ്ങൾ സൃഷ്ടിക്കേണ്ടവർ അതിനെ ഇല്ലാതാക്കുകയും ഉപയോഗപ്പെടുത്തേണ്ടവർ നിസ്സംഗത പുലർത്തുകയും ചെയ്യുന്നത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും. ടെക്നോളജി പരമാവധി പ്രയോജനപ്പെടുത്തുമ്പോൾ ഉത്പാദനക്ഷമത വർധിക്കുന്നു എന്നത് യാഥാർഥ്യമാണ്. എന്നാൽ മാനവവിഭവശേഷിയെ ഉപയോഗപ്പെടുത്തുന്നതിൽ പിശുക്ക് കാണിച്ചാൽ ഒരുവേള ടെക്നോളജിയുടെ പുരോഗതിക്കൊപ്പം ഓടിയെത്താൻ സാധിക്കാതെ അത് ദുരന്തമായി മാറുന്ന അവസ്ഥയുണ്ടാകും.

ഒരു ടീമിൽ വ്യത്യസ്തമായ കഴിവുകളുള്ളവർ ഉണ്ടാകും എന്ന യാഥാർഥ്യം ഉൾക്കൊണ്ട് വേണം അതിനെ നയിക്കുന്നവർ പ്രവർത്തിക്കാൻ. പരസ്പര വിട്ടുവീഴ്ചയും അപരനെ കേൾക്കാനുള്ള മനസ്സും ടീം സ്പിരിറ്റിന്റെ ഭാഗമാണ്. മറ്റുള്ളവർക്ക് ചെയ്യാവുന്ന കാര്യങ്ങൾ പരമാവധി അവർക്ക് ചെയ്യാനുള്ള അവസരങ്ങൾ നൽകുകയും അവർക്ക് ചെയ്യാൻ സാധിക്കാത്ത കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുക എന്നതാണ് ടീം ലീഡർ ചെയ്യേണ്ടത്. ആളുകളെ കിട്ടുന്നില്ല, അവർ ചെയ്താൽ ശരിയാവില്ല എന്ന മനോഭാവം പലപ്പോഴും പലരിലും കണ്ടുവരാറുണ്ട്. എല്ലാം ഞാൻ ചെയ്യണം എന്ന രീതി അനുകരണീയമല്ല. മറ്റുള്ളവർക്ക് അവസരങ്ങൾ നൽകി, അവർക്ക് വേണ്ട സഹായങ്ങളും നിർദേശങ്ങളും നൽകി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന ടീം ലീഡറിലൂടെ മാത്രമേ ടീം വിപുലീകരിക്കാനും പുതിയ തല

ങ്ങളിലേക്ക് എത്തിക്കാനും സാധിക്കുകയുള്ളൂ. എല്ലാം ഒറ്റക്ക് ചെയ്യുന്ന മൈക്രോ മാനേജ്മെന്റ് മാനസികാവസ്ഥയുള്ളവർക്ക് സ്വസ്ഥമായി എന്തെങ്കിലും ചെയ്യാനോ ക്രിയാത്മകമായ വളർച്ച കൈവരിക്കാനോ സാധിക്കില്ല; ആ ചെറു ഇടത്തിൽ കറങ്ങിത്തിരിയുന്ന അവസ്ഥയാണ് ഉണ്ടാവുക.

രാഷ്ട്രീയ പാർട്ടികളിലും മത, സാമൂഹിക, സാംസ്കാരിക സംഘടനകളിലും ചില വ്യക്തികളെ ചുറ്റിപ്പറ്റി കറങ്ങുന്ന പഴയ രീതികളിൽനിന്ന് മാറി ടീം എന്ന ബോധവും ബോധപൂർവമായ മാനവവിഭവശേഷിയുടെ ഉപയോഗപ്പെടുത്തലുകളും സക്രിയമായ സമൂഹ സൃഷ്ടിക്ക് അനിവാര്യമാണ്. ആളുകളുടെ എണ്ണം കുറച്ച് എല്ലാ ഭാരവും ഏതാനും ആളുകളിൽ മാത്രം കേന്ദ്രീകരിച്ച് മുന്നോട്ട് പോവുന്ന സംവിധാനങ്ങൾക്ക് ബഹുമുഖ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും കോടിക്കണക്കിന് വരുന്ന ജനങ്ങളിലേക്ക് എത്താനും സാധ്യമല്ല. പരിമിതികളിൽ പതിയിരിക്കാനല്ല, അവസരങ്ങൾക്ക് വാതിൽ തുറന്നിടാനാണ് ശ്രമിക്കേണ്ടത്. വിശാലമായ കാഴ്ചപ്പാടിനെ പ്രതിഫലിക്കും വിധം വലിയ ടീമും നെറ്റ്‌വർക്കുകളും മുകളിൽ നിന്ന് മുതൽ താഴെക്കിടയിൽ വരെ ഉണ്ടാകുമ്പോഴാണ് മനോഹരമായ മാറ്റങ്ങൾ സാധ്യമാവുന്നത്. പ്രായമാകുന്നതിനനുസരിച്ച് ക്രിയാത്മകമായ ഇടപെടൽ സാധ്യത കുറയും. ബാധ്യതകളും തടസ്സങ്ങളും കൂടുന്നതിനാൽ സമയബന്ധിതമായി കാര്യങ്ങളിൽ ഇടപെടാൻ സാധിക്കുകയില്ല. അതിനാൽ പഴയതലമുറ പുതുതലമുറയെ ബോധപൂർവം കർമരംഗത്തേക്ക് ഇറക്കുകയും അവർക്ക് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യേണ്ടത് അനിവാര്യമാണ്. മുതിർന്നവരെയും യുവാക്കളെയും ഒരേപോലെ ഉൾകൊള്ളാനും അർഹിക്കുന്ന അവസരങ്ങൾ നൽകാനും സാധിക്കുമ്പോൾ കൂട്ടായ പ്രവർത്തനവും വലിയ പ്രതിഫലനവും ഉണ്ടാവും.

ആളുകളുടെ എണ്ണം കൂടുതലാണ് എന്ന പരാതി ബാലിശമാണ്. ഒരാൾക്കും നൂറ് പേർക്കും ഒരു സെക്കന്റിൽ ആശയവിനിമയം നടത്താവുന്ന വിധം ടെക്നോളജി വളർന്നിരിക്കുമ്പോൾ എണ്ണത്തെ പഴിചാരുന്നതിൽ അർഥമില്ല. എന്നാൽ ചില കാര്യങ്ങളിൽ ആളുകളുടെ എണ്ണപ്പെരുപ്പം പ്രശ്നമായേക്കാം.

കാര്യങ്ങളിൽ ക്രിയാത്മമായി ഇടപെടുന്ന ഒരുകൂട്ടം മനുഷ്യർ സ്വന്തത്തിനും സമൂഹത്തിനും നൽകുന്ന സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. വഴിതെറ്റുന്നു എന്ന് പരാതി പറയാനല്ല; വഴിവെട്ടി, വഴികാട്ടി വെളിച്ചത്തിലേക്ക് നയിക്കാനാണ് ആധുനിക ലോകം ആവശ്യപ്പെടുന്നത്. അത് എത്ര എണ്ണമായാലും ചെയ്തു തീർക്കാനാവാത്തവിധമുള്ള അവസരങ്ങളുള്ളതാണ് ഇന്നത്തെ ലോകം.

ടീം വർക്കിനും കൂടിയാലോചനക്കും ഇസ്‌ലാം വലിയ പ്രാധാന്യം നൽകുന്നുണ്ട്. ചെറിയൊരു സംഘമാണെങ്കിലും അതിനൊരു നേതാവു വേണമെന്ന് പ്രവാചകൻ(സ്വ) പഠിപ്പിച്ചത് ടീം വർക്കിന്റെ പ്രാധാന്യമറിയിക്കുന്നതാണ്. ■







അമീൻ കൈ തടവിക്കൊണ്ടിരുന്നു. അവന്റെ കുഞ്ഞിക്കണ്ണുകൾ നിറഞ്ഞു തുളുമ്പി. ഇടയ്ക്കിടയ്ക്ക് തേങ്ങലിന്റെ ഒച്ച കുറയുകയും കൂടുകയും ചെയ്തു കൊണ്ടിരുന്നു. 'ചപ്പാത്തി ഇഷ്ടമില്ലാത്തത് ഒരു തെറ്റാണോ' എന്ന് അവൻ സ്വയം ചോദിച്ചു. അടികൊണ്ട് പാട് വന്ന കൈയിലേക്ക് അവൻ വീണ്ടും വീണ്ടും നോക്കിക്കൊണ്ടിരുന്നു. അപ്പോൾ സങ്കടം ഇരട്ടിക്കുകയാണ്.

വിശപ്പ് സഹിക്കവയ്യാതായിരിക്കുന്നു. സ്കൂളിന് അവധിയായതിനാൽ കളിക്കാൻ പോയതാണ്. കളികഴിഞ്ഞ് വിശന്ന് വന്നതായിരുന്നു. ഉമ്മ മുന്നിൽ കൊണ്ടുവന്ന് വെച്ചത് ചപ്പാത്തി. രണ്ടുമൂന്ന് ദിവസമായി ചപ്പാത്തി തന്നെയാണ് ചായക്ക് കടി. അവനത് കണ്ടപ്പോൾ ദേഷ്യം വന്നു. 'ഇന്നും ചപ്പാത്തി തന്നെയാണോ' എന്ന് ഉച്ചത്തിൽ ചോദിച്ചു

# വിശപ്പാണ് മുന്തിയ കൂട്ടാൻ

അഫ്‌വാന ബിൻത് ലത്തീഫ് വടുതല

കൊണ്ട് അമീൻ പാത്രം എടുത്തെറിഞ്ഞു. ഇത് കണ്ട ഉമ്മാക്ക് സഹിച്ചില്ല. അവർ ഒരു വടിയെടുത്ത് ഓടിവന്ന് അവനെ തല്ലി.

'നിനക്ക് വേണ്ടെങ്കിൽ കഴിക്കണ്ട. എന്നാൽ ഭക്ഷണം വലിച്ചെറിയാൻ നിനക്കെങ്ങനെ ധൈര്യം വന്നു? ഇനി മേലിൽ ഇത് ആവർത്തിക്കരുത്'-ഉമ്മ തല്ലുന്നതിനിടയിൽ പറഞ്ഞു.

ഓർക്കുമ്പോൾ കൈയിൽ ഒരു നീറ്റൽ. അപ്പോൾ മുതൽ തുടങ്ങിയതാണ് അമീൻ തന്റെ പട്ടിണി സമരം. ഇനി ഉപ്പ വരട്ടെ. എന്നിട്ട് അങ്ങാടിയിൽ പോകണം. ഹോട്ടലിൽനിന്ന് ഷവർമ വാങ്ങിത്തരാൻ പറയണം. തല്ലിയതിന് ഉപ്പ ഉമ്മയെ ശകാരിക്കുകയും ചെയ്യും. ഇങ്ങനെ കരുതിയിരിക്കുമ്പോഴാണ് വല്ലിപ്പ കേറിവന്നത്. വല്ലിപ്പയെ കണ്ടയുടൻ അവൻ കൈയിൽ തടവി ഉച്ചത്തിൽ കരയാൻ തുടങ്ങി. എന്താണ് പ്രശ്നമെന്ന് ചോദിച്ചപ്പോൾ അവൻ കരഞ്ഞുകൊണ്ട് കാര്യം പറഞ്ഞു. ഉമ്മ അകത്തുനിന്നും വന്ന് അവൻ ചെയ്തത് വിശദീകരിച്ചു.

'സാരമില്ല, ഇനിയിത് ആവർത്തിക്കരുത്'-വല്ലിപ്പ രണ്ടുപേരോടുമായി പറഞ്ഞു.

'ഞാനേതായാലും അങ്ങാടിയിൽ പോകുന്നു. നീ വരുന്നെങ്കിൽ വാ'-വല്ലിപ്പയുടെ ഈ വാക്കുകൾ കേട്ടപ്പോൾ അവന്റ മനസ്സിൽ ലഡുപൊട്ടി. ഇന്ന് ഷവർമ ഒത്തതുതന്നെ! അമീൻ താൻ ജയിച്ചു എന്ന ഭാവത്തിൽ ഉമ്മയെ നോക്കി ചിരിച്ചു. ഉമ്മ പുഞ്ചിരിച്ചു. അവർ അങ്ങാടിയിൽ പോയി. വല്ലിപ്പ അവന്റെ താൽപര്യപ്രകാരം ഷവർമ വാങ്ങിക്കൊടുത്തു. അവൻ അത് കഴിച്ച് സന്തോഷവാനായി വല്ലിപ്പയുടെ കൈപിടിച്ച് അങ്ങാടിയിലൂടെ നടന്നു.

നടക്കുന്നതിനിടയിലാണ് ആ കാഴ്ച കണ്ടത്. റോഡരികിൽ ചപ്പുചവറുകൾ കൂട്ടിയിട്ടിരിക്കുന്നു. ദുർഗന്ധം കാരണം അമീൻ മൂക്കുപൊത്തി. ഒരു പട്ടി വാലാട്ടിക്കൊണ്ട് അതിനിടയിൽ പരതുന്നുണ്ടായിരുന്നു. അപ്പോഴാണ് അമീൻ തന്റെയത്ര പോലും പ്രായമില്ലാത്ത ഒരു ആൺകുട്ടിയെ അവിടെ കണ്ടത്. അവൻ ചപ്പുചവറുകൾക്കിടയിൽനിന്ന് ഭക്ഷണത്തിന്റെ അവശിഷ്ടം കണ്ടുപിടിച്ച് തിന്നുകയാണ്. അവന് അത് കണ്ടപ്പോൾ ഓക്കാനം വന്നു.

'വല്ലിപ്പാ! ആ കുട്ടി ചെയ്യുന്നത് കണ്ടോ, കഷ്ടം'-അവന്റെ ശബ്ദം അറിയാതെ ഉയർന്നുപോയി.

'മോനേ, ഇങ്ങനെ എത്രയോ പേർ വിശപ്പു മാറ്റാൻ ഗതിയില്ലാതെ ഭൂമിയിൽ ജീവിക്കുന്നുണ്ട്. നമ്മൾ തിന്നു ബാക്കിയാക്കിയതെങ്കിലും കിട്ടിയെന്നാഗ്രഹിക്കുന്നവരാവണവർ. നമ്മളാണെങ്കിൽ മുന്തിയത് കിട്ടിയാൽ പോലും പോരാ എന്ന് പറയുന്നവരും. പടച്ചവൻ നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി കാണിച്ചില്ലെങ്കിൽ അവന്റെ ശിക്ഷ ഏറ്റുവാങ്ങേണ്ടിവരും"-വല്ലിപ്പ പറഞ്ഞു.

താൻ കഴിക്കാതെ വലിച്ചെറിഞ്ഞ ചപ്പാത്തിയെക്കുറിച്ച് അമീൻ ഓർത്തു. 'നന്നായി വിശക്കുന്നവന് കണ്ണ് കാണില്ല, രുചി നോക്കില്ല. അവൻ എന്തും കഴിക്കും'-വല്ലിപ്പ ദീർഘനിശ്വാസത്തോടെ പറഞ്ഞു.

"ഞാൻ ചപ്പാത്തി വലിച്ചെറിഞ്ഞത് തെറ്റായിപ്പോയി വല്ലിപ്പാ, എന്നെ പടച്ചവൻ ശിക്ഷിക്കുമോ?' ഇത് ചോദിക്കുമ്പോൾ അമീന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. അവന് തന്റെ തെറ്റ് മനസ്സിലായി.

'സാരമില്ല, മോൻ അറിയാതെ ചെയ്തതല്ലേ'-വല്ലിപ്പ അവനെ ആശ്വസിപ്പിച്ചു.

'ആ കുട്ടിക്ക് എന്തേലും വാങ്ങിച്ചുകൊടുത്താലോ വല്ലിപ്പാ"-അമീൻ ചോദിച്ചു.

'തീർച്ചയായും, നമുക്ക് ഒരു നേരമെങ്കിലും അവന്റെ വിശപ്പുമാറ്റിക്കൊടുക്കാം'-വല്ലിപ്പയുടെ ഈ വാക്കുകൾ കേട്ടപ്പോൾ അമീന് സന്തോഷമായി. അവർ ആ കുട്ടിയെ കൂടെ കൂട്ടി ഹോട്ടൽ ലക്ഷ്യമാക്കി നടന്നു. ■

**ഹിന്ദു സംസ്കാരം നശിച്ചാൽ ഭൂമിശാസ്ത്രപരമായി വെറും രാഷ്ട്രീയപിണ്ഡമായി രാജ്യം മാറുമെന്നും അതിനാൽ ഇന്ത്യയുടെ ബഹുസ്വരതയെ ഇല്ലാതാക്കി ഏകാത്മകതയിലേക്ക് പറിച്ചുനടുകയാണ് വേണ്ടതെന്നുമാണ് സംഘ്പരിവാർ മുന്നോട്ടുവയ്ക്കുന്ന തത്വശാസ്ത്രം. അധികാര പിൻബലത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും അത് തന്നെയാണ്.**



# മതനിരപേക്ഷ ഇന്ത്യയോട് സംഘ്പരിവാർ ചെയ്തുകൊണ്ടിരിക്കുന്നത്

മുജീബ് ഒട്ടുമ്മൽ
: 97444 31890

ഹിന്ദു സംസ്കാരം ഹിന്ദുസ്ഥാന്റെ ജീവാംശമാണ്. അതിനാൽ ഹിന്ദുസ്ഥാനെ സംരക്ഷിക്കണമെങ്കിൽ ആദ്യം നാം ഹിന്ദു സംസ്കാരത്തെ പരിപോഷിപ്പിക്കണമെന്ന് വ്യക്തമാണ്. ഹിന്ദുസ്ഥാനിൽ തന്നെ ഹിന്ദു സംസ്കാരം നശിച്ചാൽ, ഹിന്ദുസമൂഹം ഇല്ലാതായാൽ, ഹിന്ദുസ്ഥാനായി അവശേഷിക്കുന്ന വെറും ഭൂമിശാസ്ത്രപരമായ അസ്തിത്വത്തെ പരാമർശിക്കുന്നത് ഉചിതമല്ല. വെറും ഭൂമിശാസ്ത്രപരമായ പിണ്ഡങ്ങൾകൊണ്ട് രാഷ്ട്രം രൂപപ്പെടില്ല. നമ്മുടെ ഒരു ബഹുമതിയിലും ആരും ദുഷ്ട ദൃഷ്ടി പതിപ്പിക്കാൻ ധൈര്യപ്പെടാത്ത വിധം മുഴുവൻ സമൂഹവും ജാഗ്രതയോടെയും സംഘടിതമായും ആയിരിക്കണം. സംഘടനയിലൂടെ

മാത്രമെ ശക്തി ലഭിക്കൂ എന്നത് എല്ലാവരും ഓർമിക്കേണ്ടതാണ്. അതിനാൽ ഹിന്ദു സമൂഹത്തെ ഏകീകരിക്കാൻ പരമാവധി ശ്രമിക്കേണ്ടത് ഓരോ ഹിന്ദുവിന്റെയും കടമയാണ്. സംഘം ഈ പരമോന്നത ദൗത്യം നിർവഹിക്കുകയാണ്. ലക്ഷക്കണക്കിന് യുവാക്കൾ തങ്ങളുടെ മുഴുവൻ ജീവിതവും ആ ലക്ഷ്യത്തിനായി സമർപ്പിക്കുന്നില്ലെങ്കിൽ രാജ്യത്തിന്റെ ഇന്നത്തെ വിധി മാറ്റാൻ കഴിയില്ല. നമ്മുടെ യുവാക്കളുടെ മനസ്സിനെ ആ ലക്ഷ്യത്തിലേക്ക് വാർത്തെടുക്കുക എന്നതാണ് സംഘത്തിന്റെ പരമോന്നത ലക്ഷ്യം.''



ആർഎസ്എസ് സ്ഥാപകനായ ഡോ.കേശവ് ബലിറാം ഹെഡ്ഗേവാറിന്റെ ഒരു സുപ്രധാനമായ പ്രസ്താവനയാണ് ഇത്. ആർഎസ്എസിന്റെ രാഷ്ട്ര സങ്കൽപം ഈ പ്രസ്താവനയിലൂടെ വ്യക്തമാവുകയാണ്. ഹിന്ദുസംസ്കാരവും സമൂഹം നശിച്ചാൽ രാഷ്ട്രം കേവലം ഭൂമിശാസ്ത്രപരമായ പിണ്ഡമായി അവശേഷിക്കും, അതുകൊണ്ട് ഹിന്ദുരാഷ്ട്രമായി ഇന്ത്യയെ നിലനിറുത്തണമെന്ന് വാദിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. ഇന്ത്യയുടെ സൗന്ദര്യമായ ബഹുസ്വരതയെ നിരാകരിക്കാനാണിദ്ദേഹം ശ്രമിക്കുന്നത്.

എന്നാൽ ആധുനിക ഇന്ത്യൻ രാഷ്ട്രീയത്തിൽ മൂപ്പെത്തും മുമ്പ് തന്നെ അധികാരം ലഭിച്ച ആർഎസ് എസ് അച്ചുതണ്ടിന് ഹിന്ദുത്വ രാഷ്ട്രത്തിലേക്ക് ഇന്ത്യയെ പറിച്ചുനടാൻ അൽപം പ്രയാസപ്പെടുമെന്ന ബോധ്യമുണ്ട്. ഇന്ത്യയുടെ പ്രൗഢമായ ഭരണഘടനയും ദീർഘ വീക്ഷണത്തോടെയുള്ള അതിന്റെ ആർട്ടിക്കിളുകളും കാവിരാഷ്ട്രത്തെ ഒരു പരിധിവരെ നിയന്ത്രിക്കുന്നുണ്ടെന്നാണ് സമീപ കാലാനുഭവം. ബഹുസ്വരതയിൽ നിന്ന് ഏകാത്മകതയിലേക്ക് പറിച്ചുനടാൻ പെട്ടെന്ന് കഴിയില്ല എന്ന തിരിച്ചറിവാണ് ആർഎസ്എസ് മേധാവി മോഹൻ ഭാഗവതിന്റ നാഗ്പുരിലെ പ്രഭാഷണം ബോധ്യപ്പെടുത്തുന്നത്.



രാഷ്ട്രം എന്ന ആശയം; പാശ്ചാത്യ രാഷ്ട്രസങ്കൽപത്തിന് മുമ്പുള്ളതാണ് ആർഎസ്എസിന് സ്വീകാര്യം. സംഘർഷത്തിനോ ആക്രമണാത്മക ദേശീയതയ്ക്കോ അല്ല, ഐക്യം, കൂട്ടായ പുരോഗതി സഹോദര്യം എന്നിവയാണ് ഇന്ത്യ വിലമതിക്കുന്നത് എന്നും അദ്ദേഹം പറയുന്നുണ്ട്. തർക്കങ്ങളിൽ ഏർപ്പെടുന്നത് ഇന്ത്യയുടെ സ്വഭാവമല്ലെന്നും രാജ്യത്തിന്റെ പാരമ്പര്യം എല്ലായ്പ്പോഴും സാഹോദര്യത്തിനും കൂട്ടായ ഐക്യത്തിനും ഊന്നൽ നൽകിയിട്ടുണ്ടെന്നും അദ്ദേഹം ചേർത്തു പറയുന്നുണ്ട്. നിഷ്കളങ്കമായ ഇന്ത്യൻ മനസ്സുകളെ അപകടകരമായ ബഹുസ്വര നിരാകരണത്തിലേക്കും കാവിരാഷ്ട്രീയത്തിലേക്കും ചേർത്തു പിടിക്കാൻ അദ്ദേഹം അധരങ്ങളിൽ മധുരിക്കുന്ന അക്ഷരങ്ങൾകൊണ്ട് വാചാലമാകുന്നതും ഏറെ കൗതുകം ഉളവാക്കുന്നുണ്ട്. അദ്ദേഹം പറയുന്നത് നോക്കൂ:

"ഞങ്ങൾക്ക് ആരുമായും തർക്കങ്ങളില്ല. അത് ഞങ്ങളുടെ സ്വഭാവത്തിന്റെ ഭാഗമല്ല. നമ്മുടെ പ്രകൃതിയും സംസ്കാരവും ഒരുമിച്ച് പുരോഗമിക്കണം. പല വിദേശ രാജ്യങ്ങളുടെയും സ്ഥിതി ഇതല്ല.''

സേവാഭാരതി, പഞ്ച് പരിവർത്തൻ പോലെയുള്ള പദ്ധതികൾ മുന്നോട്ട് വെച്ച് സമൂഹത്തിൽ സ്ഥിരപ്രതിഷ്ഠ നേടാനും നുഴഞ്ഞ്

കയറാനും ആർഎസ്എസ് ശ്രമിക്കുമ്പോഴും അവരുടെ ഒളിയജണ്ടകൾ പകൽ പോലെ വ്യക്തമാണ്. ആദിവാസികൾക്കിടയിൽ വനവാസി കല്യാൺ ആശ്രം, ചേരിനിവാസികളുടെ സേവാഭാരതി, ഹിന്ദു സേവാ പ്രതിഷ്ഠൻ, കുഷ്ഠരോഗികൾക്കായി ഭാരതീയ കുഷ്ഠ നിവാരക് സംഘ് എന്നീ കൂട്ടായ്മകളിലൂടെ സേവനമുഖമൂടിയണിഞ്ഞാണ് സമൂഹത്തിൽ കയറിയിരിക്കാൻ ശ്രമിക്കുന്നത്. ഹിന്ദുത്വരാഷ്ട്രവും അതിന്റെ ഘടനയും എങ്ങനെയായിരിക്കണമെന്ന് ഹെഗ്ഡേവാറിന്റെയും ഗോൾ വാൾക്കറിന്റെയും ദാർശനികതയെ ചുമലിലേറ്റിയാണ് ഇവർ പ്രവർത്തിക്കുന്നതെന്ന തിരിച്ചറിവില്ലാത്തവരാണ് ഇവരുടെ കെണിയിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നത്.

### ഹിന്ദുത്വ രാഷ്ട്രമാണ് ലക്ഷ്യം

"ഹിന്ദുസ്ഥാനിലെ അഹിന്ദുക്കൾ ഒന്നുകിൽ ഹിന്ദു സംസ്കാരവും ഭാഷയും സ്വീകരിക്കണം. ഹിന്ദുമതത്തെ ബഹുമാനിക്കാനും ആദരവോടെ നിലനിർത്താനും പഠിക്കണം. ഹൈന്ദവ വംശത്തിന്റെയും സംസ്കാരത്തിന്റെയും മഹത്ത്വവൽക്കരണം ഒഴികെ മറ്റൊരു ആശയവും സ്വീകരിക്കരുത്. അതായത് ഈ ദേശത്തോടും അതിന്റെ കാലാകാലങ്ങളായുള്ള പാരമ്പര്യങ്ങളോടും ഉള്ള അസഹിഷ്ണുതയുടെ മനോഭാവവും നന്ദികേടും ഉപേക്ഷിക്കുക മാത്രമല്ല, സ്നേഹത്തിന്റെയും ഭക്തിയുടെയും പോസിറ്റീവ് മനോഭാവം വളർത്തിയെടുക്കുകയും വേണം. ഒറ്റവാക്കിൽ പറഞ്ഞാൽ അവർ വിദേശികളാകുന്നത് അവസാനിപ്പിക്കണം, അല്ലെങ്കിൽ ഹിന്ദുരാഷ്ട്രത്തിന് പൂർണമായും

**സേവാഭാരതി, പഞ്ച് പരിവർത്തൻ പോലെയുള്ള പദ്ധതികൾ മുന്നോട്ട് വെച്ച് സമൂഹത്തിൽ സ്ഥിരപ്രതിഷ്ഠ നേടാനും നുഴഞ്ഞ് കയറാനും ആർഎസ്എസ് ശ്രമിക്കുമ്പോഴും അവരുടെ ഒളിയജണ്ടകൾ പകൽ പോലെ വ്യക്തമാണ്. ആദിവാസികൾക്കിടയിൽ വനവാസി കല്യാൺ ആശ്രം, ചേരിനിവാസികളുടെ സേവാഭാരതി, ഹിന്ദു സേവാ പ്രതിഷ്ഠൻ, കുഷ്ഠരോഗികൾക്കായി ഭാരതീയ കുഷ്ഠ നിവാരക് സംഘ് എന്നീ കൂട്ടായ്മകളിലൂടെ സേവനമുഖമൂടിയണിഞ്ഞാണ് സമൂഹത്തിൽ കയറിയിരിക്കാൻ ശ്രമിക്കുന്നത്.**

കീഴ്പ്പെട്ട് ഒന്നും അവകാശപ്പെടാതെ, ഒരു പ്രത്യേക അവകാശവും അർഹിക്കാതെ, പ്രത്യേക പരിഗണനയ്ക്ക് അർഹതയില്ലാത്ത, പൗരാവകാശ ങ്ങൾ പോലും അർഹിക്കാത്ത വിഭാഗമായി രാജ്യത്ത് തുടരാം"-ഗോൾവാൾക്കറുടെ വചനങ്ങളാണിത്.

ഇന്ത്യൻ രാഷ്ട്രത്തെ പുനർനിർവചിക്കാനുള്ള ആർഎസ്എസിന്റെ രാഷ്ട്രീയപദ്ധതി ഒരു നൂറ്റാണ്ടായി തുടരുന്നു. ചരിത്രത്തിന്റെ വ്യാജവൽക്കരണം ഈ പദ്ധതിയുടെ അവിഭാജ്യഘടകമാണ്. രാഷ്ട്രത്തെ സംബന്ധിച്ച് അവരുടെതായ ആശയം പ്രോത്സാഹിപ്പിക്കുന്നതിനായി സംഘ് പ്രത്യയശാസ്ത്രക്കാർ നിരന്തരം ചരിത്രത്തെ വളച്ചൊടിക്കുന്നു. അത്തരമൊരു പദ്ധതിയുടെ അനിവാര്യഘടകം പ്രഥമവും പ്രധാനവുമായ ഈ പ്രദേശത്തെ ആദിമ നിവാസികളുടെ പിന്മുറക്കാരാണ് ഈ രാഷ്ട്രം എന്ന വാദമാണ്. ഈ പൊതുപൂർവികരെ ഉപഭൂഖണ്ഡത്തിലെ ആദിമനിവാസികൾ എന്ന് കരുതപ്പെടുന്ന ആര്യന്മാരുമായി തുലനം ചെയ്യുന്നു. ആര്യന്മാർ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ആദിമ നിവാസികളാണെന്നും ഈ രാഷ്ട്രം യഥാർഥത്തിൽ അവരുടെ പിന്മുറക്കാർക്ക് അവകാശപ്പെട്ടതാണെന്നുമുള്ള വീക്ഷണമാണ് സംഘപരിവാറിന്റെ ഹിന്ദുരാഷ്ട്രം എന്ന പരിപ്രേക്ഷ്യത്തിന്റ കേന്ദ്രബിന്ദു. ഈ ഹിന്ദു രാഷ്ട്രത്തിന്റെ സംസ്ഥാപനമാണ് അവരുടെ ആത്യന്തിക ലക്ഷ്യവും.

കേന്ദ്രത്തിലും മിക്ക സംസ്ഥാനങ്ങളിലും അധികാരത്തിലിരിക്കുന്ന ബിജെപി ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ പ്രവർത്തിച്ചുവരികയാണ്. ഇത് രാജ്യത്തിന്റെ മതനിരപേക്ഷ, ജനാധിപത്യ പുരോഗമനാശയങ്ങൾക്ക് ഗുരുതരമായ ഭീഷണിയുയർത്തുന്നു. ആർഎസ്എസിന്റെ ശതാബ്ദി ആഘോഷത്തിൽ പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ ക്യാബിനറ്റ് അംഗങ്ങളും ആർഎസ്എസിനെ മഹത്ത്വവൽക്കരിച്ചത് പ്രത്യയശാസ്ത്രപരമായും സംഘടനാപരമായും ഈ സർക്കാറിന്റെ പ്രേരക ശക്തിയായി വർത്തിക്കുന്നത് ആർഎസ്എസ് ആണെന്ന് മുമ്പ് സംശയം ഉണ്ടായിരുന്നവർക്ക് പോലും വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ഹിന്ദുക്കളല്ലാത്തവരെല്ലാം

വിദേശികളാണെന്ന ആഖ്യാനവും സംഘപരിവാര രാഷ്ട്രീയം മുന്നോട്ടുവെക്കുന്നുണ്ട്.

'നമ്മുടെ ചരിത്രത്തിൽ, ആയിരത്തിലധികം വർഷത്തെ വിദേശ ഭരണത്തിന്റെ ശേഷവും, ഇന്ത്യ ഇപ്പോൾ സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം ആഘോഷിക്കുകയാണ്. ഒരു തുറന്ന, സജീവമായ, ചലനാത്മക ജനാധിപത്യ രാജ്യമായി ഇന്ത്യ നിലകൊള്ളുന്നു. ജനാധിപത്യം ഇന്ത്യക്കാർക്ക് ഒരു സമ്മാനമല്ല, അതൊരു പാരമ്പര്യമാണ്.'

2023 ജൂണിൽ പ്രധാനമന്ത്രി നരേന്ദ്ര മോഡി അമേരിക്കൻ സന്ദർശനവേളയിൽ യുഎസ് കോൺഗ്രസിന്റ സംയുക്ത സമ്മേളനത്തിൽ നടത്തിയ പ്രഭാഷണത്തിൽ നിന്നുള്ള ഒരു പരാമർശമാണിത്. മുഗളൻമാരിലെ മുസ്‌ലിം ഭരണാധികാരികൾ വിദേശികളാണെന്ന് ധ്വനിപ്പിക്കും വിധമാണ് ഈ സംസാരമെന്നത് അവിതർക്കിതമാണ്. ബ്രിട്ടീഷ് കാലത്തിനു മുമ്പുള്ള ഇന്ത്യയുടെ ചരിത്രത്തെ മതപരമായ സ്വത്വ ലേബലുകൾ ഉപയോഗിച്ച് കാലാനുസൃതമാക്കുകയും ഈ ചരിത്രത്തെ ഹിന്ദു കാലഘട്ടമെന്നും മുസ്‌ലിം കാലഘട്ടമെന്നും വേർതിരിക്കുകയും ചെയ്തത് 19ാം നൂറ്റാണ്ടിലെ കൊളോണിയൽ ചരിത്രരചനയുടെ ഫലമായിട്ടാണ് വിലയിരുത്തുന്നു. ചരിത്രത്തെക്കുറിച്ചുള്ള വർഗീയ രചനകളിൽ പുരാതന ഇന്ത്യയെ ഹിന്ദു നാഗരികതയുമായി തുലനം ചെയ്യുന്നു. മധ്യകാല ഇന്ത്യയെ മുസ്‌ലിം പിടിച്ചടക്കലുകളുടെയും അല്ലെങ്കിൽ അധിനിവേശങ്ങളുടെയും മുസ്‌ലിംകൾക്ക് കീഴ്പ്പെട്ടതിന്റെയും കാലഘട്ടമായി ചിത്രീകരിക്കുന്നു. ഇന്ത്യയുടെ പുരാതന ഹിന്ദു നാഗരികതയെ തകർക്കുന്ന ഒരു ഇരുണ്ട യുഗമായിട്ടാണ് അവതരിപ്പിക്കപ്പെടുന്നത്. എല്ലാറ്റിലുമുപരി ഇത്തരം ആവിഷ്കാരങ്ങളിൽ ബ്രിട്ടീഷ് ഭരണത്തെ സംബന്ധിക്കുന്ന യാതൊരു വിമർശനവും ഇല്ല എന്നുള്ളത് ശ്രദ്ധേയമാണ്. ഇസ്‌ലാമിക അധിനിവേശക്കാരും ഭരണാധികാരികളും ഹിന്ദുക്കളും തമ്മിലുള്ള സംഘർഷങ്ങൾ മാത്രമാണ് എടുത്തു കാണിച്ചിരിക്കുന്നത്. കൊളോണിയൽ വിരുദ്ധ ചെറുത്തുനിൽപ്പിന് ഈ ആഖ്യാനത്തിൽ സ്ഥാനമേ ഇല്ല. വർഗീയ രചനയുടെ പതിവ് സവിശേഷതയായി ഈ കാഴ്ചപ്പാടുകൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

**മധ്യകാല ഇന്ത്യയെ മുസ്‌ലിം പിടിച്ചടക്കലുകളുടെയും അല്ലെങ്കിൽ അധിനിവേശങ്ങളുടെയും മുസ്‌ലിംകൾക്ക് കീഴ്പ്പെട്ടതിന്റെയും കാലഘട്ടമായി ചിത്രീകരിക്കുന്നു. ഇന്ത്യയുടെ പുരാതന ഹിന്ദു നാഗരികതയെ തകർക്കുന്ന ഒരു ഇരുണ്ട യുഗമായിട്ടാണ് അവതരിപ്പിക്കപ്പെടുന്നത്. എല്ലാറ്റിലുമുപരി ഇത്തരം ആവിഷ്കാരങ്ങളിൽ ബ്രിട്ടീഷ് ഭരണത്തെ സംബന്ധിക്കുന്ന യാതൊരു വിമർശനവും ഇല്ല എന്നുള്ളത് ശ്രദ്ധേയമാണ്. ഇസ്‌ലാമിക അധിനിവേശക്കാരും ഭരണാധികാരികളും ഹിന്ദുക്കളും തമ്മിലുള്ള സംഘർഷങ്ങൾ മാത്രമാണ് എടുത്തു കാണിച്ചിരിക്കുന്നത്. കൊളോണിയൽ വിരുദ്ധ ചെറുത്തുനിൽപ്പിന് ഈ ആഖ്യാനത്തിൽ സ്ഥാനമേ ഇല്ല. വർഗീയ രചനയുടെ പതിവ് സവിശേഷതയായി ഈ കാഴ്ചപ്പാടുകൾ തുടർന്നുകൊണ്ടേയിരിക്കുന്നു.**

## വൈവിധ്യമാണ് ഇന്ത്യയുടെ സൗന്ദര്യം

സാമൂഹികവും സാംസ്കാരികവുമായ വൈവിധ്യം ഇന്ത്യയുടെ സൗന്ദര്യമാണ്. ചരിത്രത്തിന്റെ വിവിധ സന്ധികളിൽ പല നാടുകളിൽ നിന്നും ചേക്കേറിയ സമൂഹവും സംസ്കാരവും ഇന്ത്യയുടെ സൗന്ദര്യത്തിന് മാറ്റ് കൂട്ടുന്നുണ്ട്. ക്രിസ്തുവിന്റ ശിശ്യനായിരുന്ന സെന്റ് തോമസ് എഡി 52ൽ കേരളത്തിലെത്തിയത് മുതൽ ക്രിസ്ത്യാനികൾ ഇന്ത്യയിലുണ്ടെന്ന് രേഖകൾ വ്യക്തമാക്കുന്നുണ്ട്. പേർഷ്യക്കാരുടെ അതിക്രമം മൂലം വളരെ മുമ്പു തന്നെ 'സൊറോസ്ട്രിയൻസ്' ഇന്ത്യയിലെത്തിയതായി കരുതപ്പെടുന്നുണ്ട്. 19-20 നൂറ്റാണ്ടുകളിൽ ഇറാനിൽ നടന്ന സംഘർഷങ്ങളെ തുടർന്നാണ് ഇറാനികൾ ഇന്ത്യയിൽ എത്തിയതെന്ന് ചിലർ അഭിപ്രായപ്പെടുന്നു. സോളമൻ രാജാവിന്റെ കച്ചവട സംഘത്തോടൊപ്പമായിരുന്നു കൊച്ചിയിലെ ജൂതന്മാരുടെ കടന്നുവരവ് എന്ന് വിശ്വസിക്കുന്നവരുമുണ്ട്. ഐബീരിയൻ നാടുകടത്തൽ കാരണമാണ് ജൂതന്മാർ ചെന്നൈയിലേക്ക് കുടിയേറിയത്. എഡി 52ൽ തന്നെ നാഗർകോവിലിലെ ജൂതന്മാർ സെന്റ് തോമസിനോടൊപ്പം ഇന്ത്യയിൽ എത്തിയിട്ടുണ്ട്. പോർച്ചുഗൽ, ഇറാഖ്, ഇറാൻ, അഫ്ഗാൻ തുടങ്ങിയ

**ബിസി 1500നടുത്ത് സിന്ധു നദീതടത്തിൽ എത്തിയ ആര്യന്മാർ ഒരു സാമൂഹ്യജീവിതക്രമത്തിന് രൂപം നൽകിയതിന്റെ വിവരങ്ങൾ ഋഗ്വേദത്തിലെ വ്യത്യസ്ത മണ്ഡലങ്ങളിൽനിന്ന് ലഭ്യമാണ്. ദേവതകളിൽ പലരും പേർഷ്യൻ പുരാണങ്ങളിൽ സമാനരൂപത്തിൽ പ്രത്യക്ഷമാവുന്നുവെന്നത് തന്നെ ആര്യാഗമനത്തിന്റെ പ്രധാന തെളിവുകളിൽ ഒന്നാണ്. ചരിത്രത്തെയും ശാസ്ത്രത്തെയും ദുർവ്യാഖ്യാനിക്കാതെയും കൃത്രിമത്വം കാണിക്കാതെയും ആര്യമഹത്ത്വം സ്ഥാപിക്കാനാവില്ലെന്ന് അതിന്റെ വക്താക്കളുടെ വാദങ്ങളിലും രചനകളിലൂടെയും വ്യക്തമാകും.**

രാജ്യങ്ങളിൽ നിന്നെല്ലാം ജൂതന്മാർ വന്നുചേർന്നിട്ടുണ്ട് എന്നും അനുമാനിക്കപ്പെടുന്നു. ബെനി മെനാഷകൾ പിൽക്കാലത്ത് ജൂതവിശ്വാസം സ്വീകരിച്ച ഇസ്രായേൽ കൂഖി-മിസോ ഗോത്രവർഗക്കാരായിരുന്നു. മിസോറാം മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിലെ നിവാസികൾ കൂടിയാണ് ഈ ഗോത്രവർഗം.

ബഹായി സ്ഥാപകനായ ബഹാഉല്ലയുമായുള്ള കൂടിക്കാഴ്ക്ക് ശേഷം ബഹായി മതം സ്വീകരിച്ച ഹാജി സയ്യിദ് മിർസയുടെയും സയ്യിദ് മുഹമ്മദിന്റെയും കാലഘട്ടത്തിലാണ് ബഹായി മതം ഇന്ത്യയിൽ വേരുറച്ചത്.

ഏഴാം നൂറ്റാണ്ടിൽ തന്നെ ഇസ്ലാം കേരളക്കരയിൽ സമാധാനത്തോടെ പ്രചാരണം ആരംഭിച്ചിട്ടുണ്ടെന്നതിന് തെളിവുകളുണ്ട്. പ്രവാചകന്റെ കാലത്തുതന്നെ ഇന്ത്യയിൽ ഇസ്ലാമിന്റെ വേരോട്ടമുണ്ടായിരുന്നതായും ചരിത്രം വിശകലനം ചെയ്യുന്നുണ്ട്. മധ്യപൗരസ്ത്യ രാജ്യങ്ങൾ റോമക്കാരുടെ ആധിപത്യത്തിൽനിന്ന് വിമോചനം നേടിയപ്പോൾതന്നെ അറബ് സംസ്കാരത്തിന്റെ നാമ്പുകൾ പ്രദേശത്ത് തലയുയർത്തി തുടങ്ങിയിട്ടുണ്ട്. അറേബ്യൻ കച്ചവടക്കാരിലൂടെയാണ് കൊടുങ്ങല്ലൂരിലും കൊങ്കണിലും ഗുജറാത്തിന്റെ തീര പ്രദേശങ്ങളിലും ഇസ്ലാം വളർന്നത്. പതിനൊന്നാം നൂറ്റാണ്ടിലാണ് മിഷണറികളിലൂടെ ശിയാധാര സാന്നിധ്യം അറിയിച്ചുതുടങ്ങിയത്. ഇവർക്ക് ആരാധനാലയങ്ങൾ നിർമിക്കാനും ഇന്ത്യൻ വനിതകളെ വിവാഹം ചെയ്യാനും അവസരമൊരുങ്ങി. തത്ഫലമായി ഇവിടെ ഒരു ഇന്തോ-അറബ് സമൂഹം രൂപപ്പെട്ടുവന്നു. ബാലം നാഥ് എന്ന പേരിൽ പ്രശസ്തനായ മൗലാ അബ്ദുല്ലയും റുപ്പാഥ് എന്ന മൗലാ നൂറുദ്ദീനും മുൻതസിർ രാജാവിന്റെ കോടതിയിലെത്തുകയും ഇസ്ലാം സ്വീകരിക്കുകയും ഇന്ത്യയിലേക്ക് തിരിച്ചെത്തി പ്രബോധനം നടത്തുകയും ചെയ്തതോടെയാണ് ബൊഹ്റ ധാര ഇവിടെ വേരുപിടിച്ചത്. പന്ത്രണ്ടാം നൂറ്റാണ്ടിലെ തുർക്കി അധിനിവേശത്തോടെ ഇസ്ലാം ഉത്തരേന്ത്യയിൽ വ്യാപകമാവുകയും ചെയ്തു.

സിന്ധുനദീതീരം കയ്യേറി ആര്യന്മാർ കൊണ്ടുവന്നതാണ് ഹിന്ദുയിസമെന്ന വാദവും നിലനിൽക്കുന്നുണ്ട്. തീർത്തും പ്രകൃതിപരമായ ആചാരാനുഷ്ഠാനങ്ങളിൽ നിന്നാണ് ഹിന്ദുമതത്തിന്റെ അടിസ്ഥാന നിയമങ്ങൾ രൂപപ്പെട്ടതെന്നും പിൽക്കാലത്ത് ബാഹ്യമായ സ്വാധീനങ്ങൾക്ക് വിധേയപ്പെട്ടുവെന്നും നിർവചിക്കാവുന്ന സങ്കരയിനം വാദവും ഹിന്ദുയിസത്തെ കുറിച്ച് ഉന്നയിക്കപ്പെടുന്നു. യഥാർഥത്തിൽ, വ്യത്യസ്ത സ്രോതസ്സുകളോടും പല കാലങ്ങളോടും ബന്ധിക്കുന്ന നിരവധി തത്ത്വസംഹിതകളുടെ സംയോജനമാണ് ഹിന്ദുയിസം. ദ്രാവിഡ മതമെന്ന പേരിൽ പ്രസിദ്ധമായ പ്രകൃതി ആരാധനകൾ അടങ്ങിയ പൂർവവേദാന്ത ഹിന്ദുയിസത്തിന് ആര്യന്മാരുടെ ആഗമനത്തിന് മുമ്പേ ദക്ഷിണേഷ്യയിൽ ഉണ്ടായിരുന്ന ശിലായുഗാനന്തര സംസ്കൃതിയുമായി സാമ്യതയുണ്ട്. ബുദ്ധൻ, മഹാവീര തുടങ്ങിയ ചിന്തകരുടെ ആധ്യാത്മിക പാഠങ്ങളിൽ നിന്ന് പ്രചോദിതമായാണ് ബി.സി 500 കളിൽ ബുദ്ധമതവും ജൈനമതവും രൂപംകൊണ്ടത്. ഹിന്ദു-മുസ്ലിം ഐക്യം പ്രസംഗിച്ച് നടന്ന ഗുരുനാനാക്ക് മുന്നോട്ട് വെച്ച ആശയമായ സിഖ് മതവും ഇവിടെ രൂപം കൊണ്ടിട്ടുണ്ട്. നിരീശ്വരവാദത്തിനും ഇന്ത്യയുടെ മണ്ണിൽ വേരുണ്ട്. ക്നാനായ ക്രിസ്ത്യാനികൾ നാലാം നൂറ്റാണ്ടിൽ തന്നെ പേർഷ്യയിൽനിന്ന് ഇന്ത്യയിലേക്ക് കുടിയേറിയിരുന്നു. പ്രകൃതി വിശ്വാസത്തിന്റെ ഭാഗമായി ഗണിച്ചിരുന്ന വിവിധ സമൂഹങ്ങൾവ രെ രാജ്യത്തിന്റെ നാനാ

തുറകളിലുണ്ടായിരുന്നു. അതിനാൽ കലർപ്പില്ലാത്ത ഇന്ത്യൻ വംശജരെ തിരഞ്ഞിറങ്ങുന്നവർക്ക് ഒരു സമൂഹത്തെ പോലും കണ്ടെത്താൻ സാധിക്കുകയില്ലെന്നതാണ് വസ്തുത. കാരണം ഈ രാജ്യം എല്ലാ മതങ്ങളുടെതുമാണ്. ഒരു പ്രത്യയശാസ്ത്രവും പുറന്തള്ളപ്പെടുന്നില്ല. നിരവധി കുടിയേറ്റങ്ങളുടെ കൂടിഫലമാണ് ഈ രാജ്യമെന്ന് പഴയകാല സംഭവങ്ങൾ നമ്മെ ഓർമപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഹിന്ദുമതക്കാരല്ലാത്തവരെല്ലാം വിദേശികളാണെന്നും തങ്ങൾ മാത്രമാണ് സ്വദേശികളെന്നും ആണയിടുന്ന ആർഎസ്എസ് സംഘപരിവാര സംഘടനകൾക്ക് ആര്യൻമാരുടെ ആഗമന വാദത്തെ നിരാകരിക്കാനാവില്ല. കാരണം അതാണ് ചരിത്രം. എന്നാൽ ഇത് ബ്രിട്ടീഷുകാരന്റെ ജൽപനങ്ങളാണെന്ന് പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുന്നവർ വസ്തുനിഷ്ഠമായ ചരിത്രത്തെ ഉൾകൊള്ളാൻ തയ്യാറാവുകയാണ് വേണ്ടത്.

**ആര്യൻമാരും വിദേശികൾ തന്നെ**

1912ൽ ഇംഗ്ലണ്ടിലെ പിൽട്ട് ഡൗൺ എന്ന സ്ഥലത്ത് മനുഷ്യന്റെയും കുരങ്ങിന്റെയും സവിശേഷതകളുള്ള ഒരു ഫോസിൽ കണ്ടെത്തിയതായി അവകാശപ്പെട്ടു. ഇത് മനുഷ്യപരിണാമത്തിലെ കുരങ്ങിൽനിന്ന് മനുഷ്യനിലേക്കുള്ള 'മിസ്സിംഗ് ലിങ്ക്' (Missing Link) ആണെന്ന് പല ശാസ്ത്രജ്ഞരും അന്ന് വിശ്വസിച്ചു. എന്നാൽ 1953ൽ നടന്ന ആധുനിക പരിശോധനകളിൽ ഇത് ഒരു വ്യാജ ഫോസിലാണെന്ന് തെളിയിക്കപ്പെട്ടു.

പിൽട്ട് ഡൗൺ തട്ടിപ്പ് (Pilt down forgery) എന്ന പേരിൽ ഇത് ദുർഖ്യാതി നേടി. ഏകദേശം 600 വർഷം പഴക്കമുള്ള ഒരു മനുഷ്യന്റെ തലയോട്ടിയും ഒരു ഒറാങ്ങുട്ടാന്റെ താടിയെല്ലും കൂട്ടിച്ചേർത്താണ് ഇത് നിർമിച്ചത്. താടിയെല്ലിലെ പല്ലുകൾ മനുഷ്യന്റേതിന് സമാനമായി തോന്നിക്കാൻ ഫയൽ ഉപയോഗിച്ച് തേച്ചുമിനുക്കിയിരുന്നു. ഈ എല്ലുകൾക്ക് പഴക്കം തോന്നിക്കാനായി പൊട്ടാസ്യം ഡൈക്രോമേറ്റ് (Potassium bichromate) പോലുള്ള രാസവസ്തുക്കൾ ഉപയോഗിച്ച് നിറം പിടിപ്പിച്ചിരുന്നു. 40 വർഷത്തോളം ശാസ്ത്രലോകത്തെ തെറ്റിദ്ധരിപ്പിക്കാൻ ഈ തട്ടിപ്പിന് സാധിച്ചു എന്നത് ഇതിനെ ചരിത്രത്തിലെ ഏറ്റവും വിജയകരമായ വ്യാജ രേഖകളിൽ ഒന്നായി കണക്കാക്കുന്നുണ്ട്.



ഇത് പോലെയാണ് ആര്യൻമാർ തദ്ദേശിയരാണെന്ന് തെളിയിക്കാൻ പുരാവസ്തുഗവേഷണങ്ങളിലും മറ്റും ശാസ്ത്രീയമായ തെളിവുകൾ നൽകുന്നിടത്ത് ധാരാളം തട്ടിപ്പുകൾ നടത്തുന്നത്. ഇത്തരം ശ്രമങ്ങളും വ്യാജ പ്രവൃത്തികളും ആര്യൻമാർ വിദേശികളാണെന്നും ഇതര ജനവിഭാഗങ്ങളുടെ മേൽ അവർ നടത്തിയ അധിനിവേശങ്ങളുടെ പാപക്കറ കഴുകിക്കളയാനുള്ള ശ്രമങ്ങൾ അവർ വിദേശികളാണെന്ന വസ്തുതയെ കൂടുതൽ ശക്തമാക്കുന്നുവെന്നും വ്യക്തമാകുന്നു. ആര്യസംസ്കാരത്തിൻ മഹത്ത്വവൽക്കരണം ലക്ഷ്യമായി ഏറ്റെടുത്തവരാണ് ആര്യൻമാർ തദ്ദേശീയരാണെന്ന വീക്ഷണം മുന്നോട്ട് വെക്കുന്നത്. ശാസ്ത്രമോ മറ്റേതെങ്കിലും വിജ്ഞാനശാഖയോ അൽപം പോലും ഇത്തരം വാദങ്ങളെ പിന്തുണക്കുന്നില്ല.

യഥാർഥത്തിൽ 1922ൽ നടന്ന ഭൂമി ഉൽഖനനത്തിൽനിന്ന് ക്രിസ്തുവിനു 2000 വർഷം മുമ്പ് സിന്ധു നദി തീരങ്ങളിൽ ഉണ്ടായിരുന്ന നാഗരികതയുടെ നിരവധി തെളിവുകൾ പുറത്തുകൊണ്ടുവന്നിരുന്നു. ആര്യാഗമനത്തിനു മുമ്പ് ജനവിഭാഗങ്ങൾ ഇന്ത്യയിലുണ്ടായിരുന്നു എന്നതിന് തെളിവാണിത്.

മോഹൻജദാരോ, ലാഹോർ തുടങ്ങിയ നിരവധി സമാന സ്വഭാവമുള്ള മനുഷ്യ സംസ്കാരത്തിന്റെ അടയാളങ്ങൾ ലഭിക്കുകയുണ്ടായി. ഹാരപ്പൻ മുദ്രകൾ സംസ്കൃത ഭാഷയിലായിരുന്നില്ല. ആദി ദ്രാവിഡ മുദ്രകളായിരുന്നു അവരുടെത്. ചുടുകട്ടയും ചെമ്പുലോഹവും പരുത്തിത്തുണിയും ഉപയോഗിച്ച സമ്പന്നമായ ഒരു നാഗരിക സമൂഹമായിരുന്നു ഹാരപ്പയിലേതെന്ന് വ്യക്തമാക്കുന്ന തെളിവുകളാണ് ലഭിച്ചത്. ക്രിസ്തുവിന് 1500 വർഷങ്ങൾക്കു മുമ്പ് രൂപംകൊണ്ട വൈദിക സംസ്കാരം ഭാരതീയ പൈതൃകമല്ല എന്നതിന്റെ തെളിവാണ് സിന്ധുനദീതട സമൂഹങ്ങളെ കുറിച്ചുള്ള ഈ വെളിപ്പെടുത്തലുകൾ. പ്രാചീനതയാണ് പൈതൃകത്തിന്റെ മാനദണ്ഡമെങ്കിൽ ഭാരതീയ പൈതൃകം സിന്ധു നദീതടത്തിലെ ദ്രാവിഡ സംസ്കാരമാണെന്ന് ഉറപ്പിക്കാൻ ഇത് പര്യാപ്തമൊണ്. ബിസി 1500നടുത്ത് സിന്ധൂ നദീതടത്തിൽ എത്തിയ ആര്യന്മാർ ഒരു സാമൂഹ്യജീവിതക്രമത്തിന് രൂപം നൽകിയതിന്റെ വിവരങ്ങൾ ഋഗ്വേദത്തിലെ വ്യത്യസ്ത മണ്ഡലങ്ങളിൽനിന്ന് ലഭ്യമാണ്. ദേവതകളിൽ പലരും പേർഷ്യൻ പുരാണങ്ങളിൽ സമാനരൂപത്തിൽ പ്രത്യക്ഷമാവുന്നുവെന്നത് തന്നെ ആര്യാഗമനത്തിന്റെ പ്രധാന തെളിവുകളിൽ ഒന്നാണ്. ചരിത്രത്തെയും ശാസ്ത്രത്തെയും ദുർവ്യാഖ്യാനിക്കാതെയും കൃത്രിമത്വം കാണിക്കാതെയും ആര്യമഹത്ത്വം സ്ഥാപിക്കാനാവില്ലെന്ന് അതിന്റെ വക്താക്കളുടെ വാദങ്ങളിലും രചനകളിലൂടെയും വ്യക്തമാകും. മാന്യവും സത്യസന്ധവുമായ സമീപനമാണ് ചരിത്രനിർമിതിക്ക് അനിവാര്യമെന്ന് ഇവർക്ക് ഒരിക്കലും തോന്നിയിട്ടില്ല. അതിനു പകരമായി ചരിത്രത്തെ അപനിർമിക്കാനും ദുർവ്യാഖ്യാനിക്കാനും ചരിത്ര കൗൺസിലുകളിൽ ആധിപത്യം പുലർത്തി അധിനിവേശത്തിന്റെ ആവിഷ്കാരത്തിനുമാണ് ഇവർ ശ്രമിച്ചത്.

ആര്യന്മാർ പുറത്തുനിന്ന് വന്നവരാണെന്ന 'ആര്യൻ അധിനിവേശ സിദ്ധാന്തത്തെ' (Aryan Invasion Theory) ആർഎസ്എസ് പൂർണമായും തള്ളിക്കളയുന്നു. ആര്യന്മാർ ഭാരതത്തിന്റെ ആദിമ നിവാസികളാ ണെന്നും ഭാരതമാണ് അവരുടെ ജന്മദേശമെന്നുമാണ് ഔദ്യോഗിക നിലപാട് സ്വീകരിക്കുന്ന ആർഎസ്എസ് ഇതര വിഭാഗത്തിൽപെട്ടവരെല്ലാം വിദേശികളാണെന്ന് സ്ഥാപിക്കാനാണ് ഇത്തരം വാദങ്ങളുന്നയി ക്കുന്നത്. അസഹിഷ്ണുതയുടെ പ്രചാരണമാണ് പ്രധാനമായും ആര്യ രാഷ്ട്രീയം മുന്നോട്ട് വെക്കുന്നത്. സംഘപരിവാരങ്ങളുടെ വേരും ആഴ്ന്നിറങ്ങിയത് വിദ്വേഷ രാഷ്ട്രീയത്തിലാണ്. അതിന് വില നൽകേണ്ടി വന്നത് രാജ്യത്തെ ന്യൂനപക്ഷങ്ങൾക്ക് മാത്രമല്ല, ഇന്ത്യയിലെ സംഘടിതവും വിദേശ രാജ്യങ്ങളിലേക്ക് വ്യാപിച്ചതുമായ ബുദ്ധമതത്തിനേറ്റ ക്ഷയവും അതിന്റെ പ്രതിഫലനമാണ്. ബ്രാഹ്മണ്യ അധികാരവ്യവസ്ഥ ബുദ്ധഭിക്ഷുക്കളെയും അവരുടെ ആവാസ വ്യവസ്ഥകളെയും തകർത്തത് പലപ്പോഴും മുഖ്യധാരയിൽ വിസ്മരിക്കുകയും ദുർവ്യാഖ്യാനം നൽകുകയുമാണ്. മൗര്യ കാലത്തിന് ശേഷം ബ്രാഹ്മണാധിപത്യം ഏൽപിച്ച പരിക്കുകളേറെയും ബുദ്ധമത്തിനായിരുന്നു. ബ്രാഹ്മണഭരണാധികാരിയായിരുന്ന പുഷ്യമിത്ര ശുംഗന്റെ നേതൃത്വത്തിൽ വലിയ പട്ടാളം ഇന്നത്തെ സിയാൽകോട്ട് വരെ പ്രകടനമായി ചെന്ന് ബുദ്ധമൊണാസ്റ്ററികളും സ്തൂപങ്ങളും തല്ലിത്തകർത്തത് 'ദിവ്യാ വാദന' എന്ന സംസ്കൃത കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബുദ്ധഗയയിൽ ബോധിവൃക്ഷം പോലും തകർത്തുകൊണ്ടാണ് ബുദ്ധമതത്തിന്റ അടയാളങ്ങൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടന്നത്. ആര്യൻമാരുടെ ആഗമനത്തിന് ശേഷമുണ്ടായ വിനാശകരമായ ഗതിക്ക് ഉദാഹരണമാണത്. ■

**ആര്യൻമാർ തദ്ദേശിയരാണെന്ന് തെളിയിക്കാൻ പുരാവസ്തുഗവേഷണങ്ങളിലും മറ്റും ശാസ്ത്രീയമായ തെളിവുകൾ നൽകുന്നിടത്ത് ധാരാളം തട്ടിപ്പുകൾ നടത്തുന്നു. ഇത്തരം ശ്രമങ്ങളും വ്യാജ പ്രവൃത്തികളും ആര്യൻമാർ വിദേശികളാണെന്നും ഇതര ജനവിഭാഗങ്ങളുടെ മേൽ അവർ നടത്തിയ അധിനിവേശങ്ങളുടെ പാപക്കറ കഴുകിക്കളയാനുള്ള ശ്രമങ്ങൾ അവർ വിദേശികളാണെന്ന വസ്തുതയെ കൂടുതൽ ശക്തമാക്കുന്നുവെന്നും വ്യക്തമാകുന്നു. ആര്യസംസ്കാരത്തിൻ മഹത്ത്വവൽക്കരണം ലക്ഷ്യമായി ഏറ്റെടുത്തവരാണ് ആര്യൻമാർ തദ്ദേശീയരാണെന്ന വീക്ഷണം മുന്നോട്ട് വെക്കുന്നത്. ശാസ്ത്രമോ മറ്റേതെങ്കിലും വിജ്ഞാനശാഖയോ അൽപം പോലും ഇത്തരം വാദങ്ങളെ പിന്തുണക്കുന്നില്ല.**





# ക്ഷമയിലെ നന്മ 6

നസീമ വാടാനപ്പള്ളി

ക്ഷമയുടെ ഇനങ്ങളിൽ മൂന്നാമത്തെത് പരീക്ഷണങ്ങളിലുള്ള ക്ഷമയാണ്. അത് വിധിയിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ്. പരീക്ഷണങ്ങൾ മനുഷ്യജീവിതത്തിന്റെ ഭാഗമാണ്; അത് പലർക്കും പലവിധത്തിലാകാം എന്നു മാത്രം. അല്ലാഹു ക്വുർആനിൽ ഇക്കാര്യം നമ്മെ അറിയിക്കുന്നുണ്ട്:

“കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക” (2:155).

ക്ഷമാശീലരായ വിശ്വാസികൾ പരീക്ഷണഘട്ടങ്ങളിൽ എടുക്കുന്ന നിലപാട് എന്തായിരിക്കുമെന്ന് ശേഷം അല്ലാഹു വ്യക്തമാക്കുന്നു:

“തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും” (2:156).

അങ്ങനെ ക്ഷമ കൈക്കൊണ്ട് ജീവിക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്ന ഭാഗ്യവാന്മാരാണ് എന്ന സന്തോഷ വാർത്ത അല്ലാഹു അറിയിക്കുന്നു:

“അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ” (2:157).

പരീക്ഷണങ്ങളിൽ പതറിപ്പോകേണ്ടവരല്ല വിശ്വാസികൾ. ഒരു പ്രയാസം വരുമ്പോഴേക്ക് റബ്ബിന് ഇഷ്ടമില്ലാത്ത വഴികളിലേക്ക് തിരിയുക എന്നത് വലിയ നന്ദികേടുതന്നെയാണ്. എന്തു പ്രതിസന്ധി നേരിട്ടാലും നമുക്ക് സംരക്ഷണം തേടാനുള്ളതും സുരക്ഷ നൽകുന്നതും അല്ലാഹു മാത്രമാണ്. അവനിലാണ് നാം ഭരമേൽപിക്കേണ്ടത്.

അല്ലാഹു താനിഷ്ടപ്പെടുന്നവർക്ക് ഐഹിക സുഖങ്ങൾ ഏറെ നൽകുകയല്ല, മറിച്ച് പരീക്ഷണങ്ങൾ നൽകുകയാണ് ചെയ്യുകയെന്ന യാഥാർഥ്യം മനസ്സിലാക്കണം.

സഅദ്ബ്നുഅബീവക്വാസ്(റ) നിവേദനം; നബി(സ) പറഞ്ഞു: “ജനങ്ങളിൽ ഏറ്റവും കഠിനമായി പരീക്ഷിക്കപ്പെടുന്നത് പ്രവാചകൻമാരാണ്. പിന്നെ അതുപോലുള്ളവർ. ഒരു മനുഷ്യൻ അവന്റെ വിശ്വാസത്തിനനുസൃതമായി പരീക്ഷിക്കപ്പെടും. അവന്റെ വിശ്വാസം സുദൃഢമാണെങ്കിൽ അവന്റെ പരീക്ഷണം കഠിനമാകും. അവന്റെ വിശ്വാസം ദുർബലമാണെങ്കിൽ അവന്റെ വിശ്വാസത്തിന്റെ തോതനുസരിച്ച് അവൻ പരീക്ഷിക്കപ്പെടും. ഭൂമിയിൽ പാപരഹിതനായി നടക്കുന്നതുവരെ ഒരടിമ പരീക്ഷിക്കപ്പെട്ടുകൊണ്ടേയിരിക്കും” (തിർമുദി).

വിശ്വാസികൾ അല്ലാഹുവിന്റെ അപാരമായ കഴിവിനെ കുറിച്ച് കൃത്യമായി മനസ്സിലാക്കുന്നു. അഹങ്കാരമില്ലാതെ അവനു കീഴൊതുങ്ങാൻ അവരെ ഇത് പ്രാപ്തരാക്കുന്നു. അല്ലാഹു പറയുന്നു:

“ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങൾ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപ്പെട്ടു കഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു. (ഇങ്ങനെ നാം ചെയ്തത്). നിങ്ങൾക്കു നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുവാനും നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ ആഹ്ലാദിക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല” (ക്വുർആൻ 57: 22,23).




ഇഖ്‌വാനുൽ മുസ്‌ലിമൂൻ:
മതത്തിന്റെ പരിവേഷമണിഞ്ഞ അപകടം

4

# തുറന്നുകാട്ടപ്പെട്ട വഞ്ചനകളും വിചിത്രമായ കൂട്ടുകെട്ടുകളും

മുഹമ്മദ് അമീൻ

ചരിത്രത്തിൽ ഇഖ്‌വാനുൽ മുസ്‌ലിമൂനെപ്പോലെ ‘നന്ദികേട്’ ഒരു നയമായി സ്വീകരിച്ച മറ്റൊരു പ്രസ്ഥാനത്തെ കാണാൻ കഴിയില്ല. ഇഖ്‌വാനികളുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യേകതയാണിത്. ഇതിനെക്കുറിച്ച് മുൻ ഇഖ്‌വാനി നേതാവായ അലി അഷ്മാവി തന്റെ അനുഭവക്കുറിപ്പുകളിൽ പറഞ്ഞ വാക്കുകൾ ഇങ്ങനെയാണ്:

“തങ്ങൾക്കൊപ്പം നിന്നവരെയെല്ലാം ഉപദ്രവിക്കുന്നതിൽ ഇഖ്‌വാനികൾക്ക് പ്രത്യേക വിരുതുണ്ട്. സൗദി അറേബ്യയും കുവൈത്തും ഖത്തറും അവർക്ക് അഭയം നൽകി, അവരെ സഹായിച്ചു. എന്നാൽ അവസരം കിട്ടിയപ്പോൾ അവർ ആ രാജ്യങ്ങളെ പിന്നിൽനിന്ന് കുത്തി,

**ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്നത് കേവലമൊരു സംഘടനയല്ല. അതൊരു വികാരമാണ്. ഒരു വൈറസാണ്. സാഹചര്യത്തിനനുസരിച്ച് നിറം മാറുന്ന ഇവരെ തിരിച്ചറിയാൻ പ്രയാസമാണ്. പാശ്ചാത്യരോട് സംസാരിക്കുമ്പോൾ അവർ ലിബറലുകളാകും. സലഫികളോട് സംസാരിക്കുമ്പോൾ അവർ വലിയ മതഭക്തരാകും. ശിയാക്കളോട് സംസാരിക്കുമ്പോൾ അവർ വിപ്ലവകാരികളാകും. എന്നാൽ ഉള്ളിൽ അവർക്ക് ഒരേയൊരു ലക്ഷ്യമേയുള്ളൂ: 'അധികാരം.'**

അവർക്കെതിരെ തിരിഞ്ഞു. അഭയം നൽകിയ നാടുകളിലെ ഭരണാധികാരികളെ അവർ നിരീക്ഷിക്കുകയും അവർക്കെതിരെയുള്ള വിവരങ്ങൾ ശേഖരിക്കുകയും സമയം കിട്ടുമ്പോൾ അത് അവർക്കെതിരെ തന്നെ ഉപയോഗിക്കുകയും ചെയ്യും."

സ്വന്തം ചരിത്രരേഖകളിൽ ഇഖ്‌വാനികൾ തന്നെ സമ്മതിക്കുന്ന ഈ വഞ്ചനയുടെ ചരിത്രമാണ് നാം ഇവിടെ പരിശോധിക്കുന്നത്. ആ 'വഞ്ചന'യുടെ ആഴം സൗദി അറേബ്യ എന്ന തൗഹീദിന്റെ രാഷ്ട്രം തിരിച്ചറിയാൻ അൽപം വൈകിപ്പോയി. 'നിങ്ങൾ പാമ്പിന് പാലു കൊടുത്ത് വളർത്തിയാൽ, അത് വളർന്നാൽ ആദ്യം കൊത്തുക നിങ്ങളെത്തന്നെയായിരിക്കും' എന്ന പഴമൊഴി അന്വർഥമാക്കും വിധമായിരുന്നു പിന്നീടുള്ള സംഭവവികാസങ്ങൾ.

കഴിഞ്ഞ ഭാഗങ്ങളിൽ അവർ എങ്ങനെ വിദ്യാഭ്യാസ-മത മേഖലകളിൽ നുഴഞ്ഞുകയറി എന്ന് നാം വായിച്ചു. ഈ ഭാഗത്തിൽ, അവരുടെ മുഖംമൂടി അഴിഞ്ഞുവീണ നിമിഷങ്ങളെക്കുറിച്ചും അധികാരം പിടിച്ചെടുക്കാൻ അവർ നടത്തിയ വിചിത്രമായ സഖ്യങ്ങളെക്കുറിച്ചും നമുക്ക് പരിശോധിക്കാം.

### മുഖംമൂടി അഴിഞ്ഞുവീണ നിമിഷം: 1990ലെ ഗൾഫ് യുദ്ധം

വർഷങ്ങളോളം സൗദി അറേബ്യ ഇഖ്‌വാനികൾക്ക് അഭയം നൽകി. ഈജിപ്തിൽ തൂക്കുമരത്തിൽ നിന്ന് അവരെ രക്ഷിക്കാൻ ഫൈസൽ രാജാവ് കത്തുകൾ അയച്ചു. സൗദി പൗരത്വം നൽകി അവരെ ആദരിച്ചു. എന്നാൽ 1990ൽ സദ്ദാം ഹുസൈൻ കുവൈത്തിനെ ആക്രമിച്ചപ്പോൾ, സൗദി അറേബ്യ വലിയൊരു ഭീഷണിയെ നേരിട്ടു. ആ സമയത്താണ് ഇഖ്‌വാനികളുടെ തനിനിറം പുറത്തുവന്നത്.

മുസ്‌ലിം ലോകത്തെ ഞെട്ടിച്ചുകൊണ്ട്, ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ആഗോള നേതൃത്വം സദ്ദാം ഹുസൈന് പിന്തുണ പ്രഖ്യാപിച്ചു! സൗദി അറേബ്യയെ സംരക്ഷിക്കാൻ വിദേശ സൈന്യത്തെ വരുത്തിയതിനെതിരെ പള്ളികളിലെ മിമ്പറുകളിൽ അവർ കലാപം അഴിച്ചുവിട്ടു. അന്ന് സൗദി ആഭ്യന്തര മന്ത്രിയായിരുന്ന നായിഫ് രാജകുമാരൻ ഒരു അഭിമുഖത്തിൽ തന്റെ ഞെട്ടൽ രേഖപ്പെടുത്തുകയുണ്ടായി: "ഞങ്ങൾ ചോദിച്ചു, ഒരു രാജ്യം മറ്റൊരു രാജ്യത്തെ ആക്രമിക്കുന്നത് നിങ്ങൾ അംഗീകരിക്കുന്നുവോ? അവർ പറഞ്ഞു: ഞങ്ങൾ കേൾക്കാൻ വന്നതാണ്. എന്നാൽ പിന്നീട് അവർ ഇറാഖിൽ പോയി സദ്ദാമിനെ അനുകൂലിച്ച് പ്രസ്താവന യിറക്കി."

'എതിർക്കുന്നു' എന്ന് പറയാൻ പോലും തയ്യാറാകാതെ, തങ്ങൾ കാര്യങ്ങൾ കേൾക്കാനും അഭിപ്രായ ങ്ങൾ ആരായാനും വന്നതാണ് എന്നു പറ

ഞ്ഞ് അവർ ചോദ്യത്തിൽ നിന്ന് തന്ത്രപൂർവം ഒഴിഞ്ഞുമാറുകയാണുണ്ടായത്. തൊട്ടുടനെ ഇറാഖിൽ ചെന്ന് സദ്ദാം ഹുസൈന് പിന്തുണ പ്രഖ്യാപിച്ചു. സൗദിയിൽ വെച്ച് മറച്ചുവെച്ച തങ്ങളുടെ യഥാർഥ മുഖം അവർ ഇറാഖിൽ വെളിപ്പെടുത്തി.

അഭയം നൽകിയ നാടിനെ ശത്രുക്കൾക്ക് മുന്നിൽ ഒറ്റുകൊടുക്കാൻ അവർക്ക് യാതൊരു മടിയുമുണ്ടായില്ല. റാഷിദ് അൽ ഗന്നൂഷിയും അബ്ദുൽ മജീദ് സിന്ദാനിയും അടങ്ങുന്ന സംഘം സദ്ദാമിനൊപ്പം നിന്നു. സൗദിക്കുള്ളിൽ സൽമാൻ അൽഔദയെയും സഫർ അൽഹവാലിയെയും പോലുള്ള 'സഹ്വ്' നേതാക്കൾ യുവാക്കളെ ഭരണകൂടത്തിനെതിരെ തിരിച്ചുവിട്ടു. 'എന്റെ സഹോദരാ, സെക്യൂരിറ്റി ഓഫീസറേ' എന്ന പേരിൽ സൽമാൻ അൽഔദ ഇറക്കിയ കാസറ്റ് പോലീസുകാരെയും സൈനികരെയും ഭരണകൂടത്തിനെതിരെ തിരിക്കാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു.

**നേരിട്ടുള്ള യുദ്ധം പരാജയപ്പെട്ടപ്പോൾ അവർ തന്ത്രം മാറ്റി. 'സിവിൽ സൊസൈറ്റികൾ' വഴിയുള്ള അധിനിവേശമായി പിന്നീട്. മനുഷ്യാവകാശം, സ്ത്രീ ശാക്തീകരണം, ജീവകാരുണ്യം എന്നീ പേരുകളിൽ നൂറുകണക്കിന് സംഘടനകൾ അവർ ഉണ്ടാക്കി. ഇതിലൂടെ വിദേശ ഫണ്ടുകൾ സ്വീകരിക്കാനും ജനങ്ങളുടെ വിശ്വസ്തത ഭരണകൂടത്തിൽനിന്ന് തങ്ങളിലേക്ക് മാറ്റാനും അവർ ശ്രമിച്ചു. ഈജിപ്തിൽനിന്ന് കാമിലിയ ഹിൽമിയെപ്പോലെയുള്ള ഇഖ്‌വാനി വനിതാ നേതാക്കളെ കൊണ്ടു വന്ന് സൗദിയിലെ സ്ത്രീകളെ അവർ പരിശീലിപ്പിച്ചു.**

### സാമ്പത്തിക അധിനിവേശം

രാഷ്ട്രീയം മാത്രമല്ല, സാമ്പത്തിക മേഖലയും കൈയടക്കാതെ വിപ്ലവം സാധ്യമല്ലെന്ന് അവർക്കറിയാമായിരുന്നു. "ഇസ്‌ലാമിക് ബാങ്കിംഗ്' എന്ന പേരിൽ അവർ ഒരു സമാന്തര സാമ്പത്തിക സാമ്രാജ്യം കെട്ടിപ്പടുത്തു. ഇതിനായി അവർ മൂന്ന് തൂണുകൾ നിർമിച്ചു:

1. *സൈദ്ധാന്തിക അടിത്തറ :* സർവകലാശാലകളിലെ ശരീഅത്ത് വിഭാഗങ്ങളിൽ തങ്ങളുടെ ആളുകളെ തിരുകിക്കയറ്റി, തങ്ങൾക്ക് അനുകൂലമായ സാമ്പത്തിക ഫത്‌വകൾ നിർമിച്ചെടുത്തു.
2. *പ്രായോഗിക നിയമങ്ങൾ:* ബാങ്കുകളുടെ ശരീഅത്ത് ബോർഡുകളിൽ നുഴഞ്ഞുകയറി. ഖത്തർ, തുർക്കി, മലേഷ്യ എന്നിവടങ്ങളിലെ ഇഖ്‌വാനി കേന്ദ്രങ്ങളുമായി സഹകരിച്ച് സാമ്പത്തിക ഇടപാടുകൾ നിയന്ത്രിച്ചു.
3. *മൂല്യനിർണയം:* ബാങ്കുകൾ ഇസ്‌ലാമികമാണോ എന്ന് തീരുമാനിക്കുന്ന ഏജൻസികൾ വരെ അവർ ഉണ്ടാക്കി. തങ്ങൾക്ക് പണം തരുന്നവരെ 'ഇസ്‌ലാമിക്' ആയും അല്ലാത്തവരെ 'പലിശ ബാങ്കുകൾ' ആയും അവർ മുദ്രകുത്തി.

ഒരു ഇഖ്‌വാനി നേതാവ് (നിസാം യാഖൂബിയെപ്പോലെയുള്ളവർ) ഒരേസമയം 80ലധികം ബാങ്കുകളുടെ ശരീഅത്ത് ബോർഡുകളിൽ ഇരിക്കുകയും, അതിലൂടെ കോടിക്കണക്കിന് ഡോളർ സമ്പാദിക്കുക യും ചെയ്തു. ഈ പണം സംഘടനയുടെ വിധ്വംസക പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കപ്പെട്ടു.

### വിചിത്രമായ കൂട്ടുകെട്ടുകൾ

അധികാരം പിടിക്കാൻ ആരുമായും കൂട്ടുചേരും എന്നതാണ് ഇഖ്‌വാനികളുടെ നയം. ഇതിനെ 'ഇഖ്‌വാനി കോക്ക്ടെയിൽ' എന്ന് വിളിക്കാം. സൗദിയിൽ അവർ നടത്തിയ സഖ്യങ്ങൾ ആരെയും അമ്പരപ്പിക്കുന്നതാണ്:

*1) ലിബറലുകളുമായുള്ള സഖ്യം:* പുറമെ മതതീവ്രവാദം പറയുമെങ്കിലും, ഭരണകൂടത്തെ വീഴ്ത്താൻ അവർ നിരീശ്വരവാദികളായ ലിബറലുകളുമായിവരെ കൈകോർത്തു. 'നവോത്ഥാന വേദി' എന്ന പേരിൽ സൽമാൻ അൽഔദയും കൂട്ടരും നടത്തിയ പരിപാ

ടികളിൽ പ്രശസ്തരായ ലിബറലുകളെയും ശിയാ ചിന്തകരെയും പങ്കെടുപ്പിച്ചു. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് സൽമാൻ അൽഔദയുടെ മാറ്റം. ഒരു സ്വീഡിഷ് പത്രത്തിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു: 'സ്വവർഗരതിക്ക് ഇഹലോകത്ത് ശിക്ഷ നൽകേണ്ടതില്ല, അതൊരു വ്യക്തിസ്വാതന്ത്ര്യമാണ്.' പാശ്ചാത്യരെ പ്രീതിപ്പെടുത്താൻ അല്ലാഹുവിന്റെ നിയമങ്ങളെപ്പോലും അവർ വളച്ചൊടിച്ചു!

*2) ശിയാക്കളുമായുള്ള സഖ്യം:* ഇറാനിലെ ഖുമൈനി വിപ്ലവത്തെ മാതൃകയാക്കിയവരാണ് ഇഖ്‌വാനികൾ. സൗദിയിലെ പ്രമുഖ ഇഖ്‌വാനി നേതാവായ മുഹ്സിൻ അൽഅവാജി ഇഖ്‌വാനി ആചാര്യനായ യൂസുഫുൽ ഖറദാവിക്കൊപ്പം ചേർന്ന് ഹിസ്ബുല്ല തലവൻ ഹസൻ നസ്റുല്ലയെ സന്ദർശിക്കുന്ന ചിത്രങ്ങൾ പുറത്തുവന്നിരുന്നു. ഖത്തീഫിലെ ശിയാക്കൾ നടത്തിയ പ്രക്ഷോഭങ്ങളെ പിന്തുണച്ച് ഇസാം അൽസാമിൽ ട്വീറ്റ് ചെയ്തത് 'ഇതൊരു വിഭാഗീയതയല്ല, അവകാശ പോരാട്ടമാണ്' എന്നായിരുന്നു. സുന്നി രാഷ്ട്രമായ സൗദിയെ തകർക്കാൻ ഇവർ ശിയാ തീവ്രവാദികളുമായിവരെ രഹസ്യധാരണയു ണ്ടാക്കി.

*3) സ്വൂഫികളുമായുള്ള സഖ്യം:* സലഫികൾക്കെതിരെ നിൽക്കാൻ ഇവർ തീവ്ര സ്വൂഫികളുമായും അടുത്തു. ഹബീബ് അലി അൽജിഫ്രിയെപ്പോലെയുള്ള ക്വബ്ബൂരികളെ (ശവകുടീര പൂജകർ) ഇവർ പ്രകീർത്തിച്ചു. തൗഹീദിനെ തകർക്കാൻ ബിദ്അത്തുകാരെ കൂട്ടുപിടിക്കുക എന്നതായിരുന്നു ഇവരുടെ തന്ത്രം.

*4) തബ്‌ലീഗ് ജമാഅത്ത്:* പാമരന്മാരായ അണികളുള്ള തബ്‌ലീഗ് ജമാഅത്തിനെ ഇവർ 'നല്ലവരായ മനുഷ്യർ' എന്ന് പ്രശംസിച്ച് സുഖിപ്പിച്ചു. ഇവരുടെ അണികളെ പിന്നീട് തങ്ങളുടെ രാഷ്ട്രീയ ആവശ്യങ്ങ ൾക്ക് ഉപയോഗിക്കുക എന്നതായിരുന്നു ഇഖ്‌വാനികളുടെ ഗൂഢലക്ഷ്യം.



## 'ഹിനൈൻ' ഗൂഢാലോചനയും ബ്ലാക്ക്മെയിലിംഗും

'അറബ് വസന്തം' എന്ന പേരിൽ മധ്യപൗരസ്ത്യ ദേശത്ത് കലാപങ്ങൾ കത്തിപ്പടർന്ന 2011. സൗദി അറേബ്യയിലും കലാപം ഉണ്ടാക്കാൻ ഇഖ്‌വാനികൾ ആസൂത്രണം ചെയ്ത പദ്ധതിയായിരുന്നു 'വിപ്ലവ ദിനം.'

അന്ന് ചികിത്സയ്ക്കായി വിദേശത്തായിരുന്ന അബ്ദുല്ല രാജാവ് തിരികെ വരുന്ന സമയം നോക്കി, ഇഖ്‌വാനികൾ ഒരു കത്ത് തയ്യാറാക്കി. 'അവകാശങ്ങളുടെയും സ്ഥാപനങ്ങളുടെയും രാഷ്ട്രത്തിലേക്ക്' എന്നതായിരുന്നു അതിന്റെ തലക്കെട്ട്. ഇത് വെറുമൊരു കത്തായിരുന്നില്ല, മറിച്ച് രാജാവിനെ ഭീഷണിപ്പെടുത്തുന്ന ഒരു രേഖയായിരുന്നു.

സൽമാൻ അൽഔദ, സഫർ അൽഹവാലി തുടങ്ങിയ ഇഖ്‌വാനികളും, മുഹമ്മദ് സഈദ് ത്വയ്യിബിനെപ്പോലെയുള്ള ലിബറലുകളും, തൗഫീഖ് അൽസൈഫിനെപ്പോലെയുള്ള ശിയാക്കളും ഇതിൽ ഒപ്പിട്ടു. അവരുടെ ആവശ്യങ്ങൾ ഇതായിരുന്നു:

എ) രാജ്യം ഒരു ഭരണഘടനാ രാജവാഴ്ചയിലേക്ക് മാറണം.

ബി) രാജാവിന്റെ അധികാരങ്ങൾ കുറയ്ക്കണം.

സി) തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് വരണം (അതിലൂടെ അധികാരം പിടിക്കാം എന്ന് അവർ കണക്കുകൂട്ടി).

ഡി) സിവിൽ സൊസൈറ്റി സ്ഥാപനങ്ങൾക്ക് പൂർണ സ്വാതന്ത്ര്യം നൽകണം.

'ഇത് അംഗീകരിച്ചില്ലെങ്കിൽ, മറ്റു അറബ് രാജ്യങ്ങളിൽ സംഭവിച്ചത് ഇവിടെയും സംഭവിക്കും' എന്നൊരു ഭീഷണി ആ വരികൾക്കിടയിൽ ഉണ്ടായിരുന്നു. എന്നാൽ അല്ലാഹുവിന്റെ കാരുണ്യം കൊണ്ട് സൗദി ജനത ഈ ആഹ്വാനത്തെ തള്ളിക്കളഞ്ഞു. 'ഹിനൈൻ' വിപ്ലവത്തിന് ആഹ്വാനം ചെയ്ത ദിവസം തെരുവിൽ ആരും ഇറങ്ങിയില്ല. ഇഖ്‌വാനികളുടെ മോഹങ്ങൾ തകർന്നടിഞ്ഞു.

നേരിട്ടുള്ള യുദ്ധം പരാജയപ്പെട്ടപ്പോൾ അവർ തന്ത്രം മാറ്റി. 'സിവിൽ സൊസൈറ്റികൾ' വഴിയുള്ള അധിനിവേശമായി പിന്നീട്. മനുഷ്യാവകാശം, സ്ത്രീ ശാക്തീകരണം, ജീവകാരുണ്യം എന്നീ പേരുകളിൽ നൂറുകണക്കിന് സംഘടനകൾ അവർ ഉണ്ടാക്കി. ഇതിലൂടെ വിദേശ ഫണ്ടുകൾ സ്വീകരിക്കാനും ജനങ്ങളുടെ വിശ്വസ്തത ഭരണകൂടത്തിൽനിന്ന് തങ്ങളിലേക്ക് മാറ്റാനും അവർ ശ്രമിച്ചു.

ഈജിപ്തിൽനിന്ന് കാമിലിയ ഹിൽമിയെപ്പോലെയുള്ള ഇഖ്‌വാനി വനിതാ നേതാക്കളെ കൊണ്ടു വന്ന് സൗദിയിലെ സ്ത്രീകളെ അവർ പരിശീലിപ്പിച്ചു. 'രാഷ്ട്രീയത്തിൽ ഇടപെടുക, തെരുവിലിറങ്ങുക' എന്ന പാഠങ്ങളാണ് 'സ്ത്രീ ശാക്തീകരണം' എന്ന പേരിൽ അവർ നൽകിയത്.



**'നവോത്ഥാന വേദി' എന്ന പേരിൽ സൽമാൻ അൽഔദയും കൂട്ടരും നടത്തിയ പരിപാടികളിൽ പ്രശസ്തരായ ലിബറലുകളെയും ശിയാ ചിന്തകരെയും പങ്കെടുപ്പിച്ചു. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് സൽമാൻ അൽഔദയുടെ മാറ്റം. ഒരു സ്വീഡിഷ് പത്രത്തിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു: 'സ്വവർഗരതിക്ക് ഇഹലോകത്ത് ശിക്ഷ നൽകേണ്ടതില്ല, അതൊരു വ്യക്തിസ്വാതന്ത്ര്യമാണ്.' പാശ്ചാത്യരെ പ്രീതിപ്പെടുത്താൻ അല്ലാഹുവിന്റെ നിയമങ്ങളെപ്പോലും അവർ വളച്ചൊടിച്ചു!**

### ജാഗ്രത പാലിക്കുക

ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്നത് കേവലമൊരു സംഘടനയല്ല. അതൊരു വികാരമാണ്. ഒരു വൈറസാണ്. സാഹചര്യത്തിനനുസരിച്ച് നിറം മാറുന്ന ഇവരെ തിരിച്ചറിയാൻ പ്രയാസമാണ്. പാശ്ചാത്യരോട് സംസാരിക്കുമ്പോൾ അവർ ലിബറലുകളാകും. സലഫികളോട് സംസാരിക്കുമ്പോൾ അവർ വലിയ മതഭക്തരാകും. ശിയാക്കളോട് സംസാരിക്കുമ്പോൾ അവർ വിപ്ലവകാരികളാകും. എന്നാൽ ഉള്ളിൽ അവർക്ക് ഒരേയൊരു ലക്ഷ്യമേയുള്ളൂ: 'അധികാരം.'

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ, സൗദി അറേബ്യയിലെ ഭരണകൂടവും ഉന്നത പണ്ഡിതന്മാരും ഈ അപകടം തിരിച്ചറിയുകയും അതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ വേഷംമാറി വരുന്ന ഈ അപകടത്തിനെതിരെ നാം ഓരോരുത്തരും ജാഗ്രത പാലിക്കേണ്ടതുണ്ട്.

*(തുടരും)*

# സൂറതു ഖസ്വസ്വ്

**കഥാകഥനം**

(മക്കയിൽ അവതരിച്ചത്)

അധ്യായം 28

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

فَخَرَجَ عَلَىٰ قَوْمِهِ فِي زِينَتِهِ ۖ قَالَ الَّذِينَ
يُرِيدُونَ الْحَيَاةَ الدُّنْيَا يَا لَيْتَ لَنَا مِثْلَ
مَا أُوتِيَ قَارُونُ إِنَّهُ لَذُو حَظٍّ عَظِيمٍ ﴿٧٩﴾

79. അങ്ങനെ അവൻ ജനമധ്യത്തിലേക്ക് ആർഭാടത്തോടെ ഇറങ്ങിപ്പുറപ്പെട്ടു. ഐഹികജീവിതം ലക്ഷ്യമാക്കുന്നവർ അതു കണ്ടിട്ട് ഇപ്രകാരം പറഞ്ഞു: 'ഖാറൂന് ലഭിച്ചത് പോലുള്ളത് ഞങ്ങൾക്കുമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ! തീർച്ചയായും അവൻ വലിയ ഭാഗ്യമുള്ളവൻ തന്നെ!'

وَقَالَ الَّذِينَ أُوتُوا الْعِلْمَ وَيْلَكُمْ ثَوَابُ
اللَّهِ خَيْرٌ لِّمَنْ آمَنَ وَعَمِلَ صَالِحًا وَلَا
يُلَقَّاهَا إِلَّا الصَّابِرُونَ ﴿٨٠﴾

80. ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവർ പറഞ്ഞു: 'നിങ്ങൾക്ക് നാശം! വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് അല്ലാഹുവിന്റെ പ്രതിഫലമാണ് കൂടുതൽ ഉത്തമം. ക്ഷമാശീലമുള്ളവർക്കല്ലാതെ അത് നൽകപ്പെടുകയില്ല.

فَخَسَفْنَا بِهِ وَبِدَارِهِ الْأَرْضَ فَمَا كَانَ لَهُ
مِن فِئَةٍ يَنصُرُونَهُ مِن دُونِ اللَّهِ وَمَا
كَانَ مِنَ الْمُنتَصِرِينَ ﴿٨١﴾

81. അങ്ങനെ അവനെയും അവന്റെ ഭവനത്തെയും നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അപ്പോൾ അല്ലാഹുവിന് പുറമെ തന്നെ സഹായിക്കുന്ന ഒരു കക്ഷിയും അവന്നുണ്ടായില്ല. അവൻ സ്വയം രക്ഷിക്കുന്നവരുടെ കൂട്ടത്തിലുമായില്ല.

وَأَصْبَحَ الَّذِينَ تَمَنَّوْا مَكَانَهُ بِالْأَمْسِ
يَقُولُونَ وَيْكَأَنَّ اللَّهَ يَبْسُطُ الرِّزْقَ
لِمَن يَشَاءُ مِنْ عِبَادِهِ وَيَقْدِرُ ۖ لَوْلَا أَن
مَّنَّ اللَّهُ عَلَيْنَا لَخَسَفَ بِنَا ۖ وَيْكَأَنَّهُ
لَا يُفْلِحُ الْكَافِرُونَ ﴿٨٢﴾

82. ഇന്നലെ അവന്റെ സ്ഥാനം കൊതിച്ചിരുന്നവർ (ഇന്ന്) ഇപ്രകാരം പറയുന്നവരായിത്തീർന്നു: 'അഹോ! കഷ്ടം! തന്റെ ദാസൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു ഉപജീവനം വിശാലമാക്കിക്കൊടുക്കുകയും (താൻ ഉദ്ദേശിക്കുന്നവർക്ക് അതു) ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. ഞങ്ങളോട് അല്ലാഹു ഔദാര്യം കാണിച്ചിരുന്നില്ലെങ്കിൽ ഞങ്ങളെയും അവൻ ആഴ്ത്തിക്കളയുമായിരുന്നു. അഹോ, കഷ്ടം! സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല.'

تِلْكَ الدَّارُ الْآخِرَةُ نَجْعَلُهَا لِلَّذِينَ لَا
يُرِيدُونَ عُلُوًّا فِي الْأَرْضِ وَلَا فَسَادًا ۚ
وَالْعَاقِبَةُ لِلْمُتَّقِينَ ﴿٨٣﴾

83. ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപെടുത്തിക്കൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും.

84. ആർ നൻമയും കൊണ്ട് വന്നുവോ അവന്ന് അതിനെക്കാൾ ഉത്തമമായതുണ്ടായിരിക്കും. വല്ലവനും തിൻമയും കൊണ്ടാണ് വരുന്നതെങ്കിൽ തിന്മ പ്രവർത്തിച്ചവർക്ക് തങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമല്ലാതെ നൽകപ്പെടുകയില്ല.

مَن جَاءَ بِالْحَسَنَةِ فَلَهُ خَيْرٌ مِّنْهَا ۖ وَمَن جَاءَ بِالسَّيِّئَةِ فَلَا يُجْزَى الَّذِينَ عَمِلُوا السَّيِّئَاتِ إِلَّا مَا كَانُوا يَعْمَلُونَ ﴿٨٤﴾

79. (അങ്ങനെ അവൻ ഇറങ്ങിപ്പുറപ്പെട്ടു) ഒരിക്കൽ. (ജനമധ്യത്തിലേക്ക് ആർഭാടത്തോടെ) അതായത് ലൗകിക അലങ്കാരത്തിന്റെ ഏറ്റവും മികച്ച രൂപത്തിൽ. അയാൾക്ക് ധാരാളം സമ്പത്തുണ്ടായിരുന്നു. അതിനാൽ സാധിക്കുന്നത്ര അയാൾ തന്നെ ഭംഗിയാക്കി. അവനെപ്പോലുള്ളവരുടെ ഭംഗി സാധാരണയായിത്തന്നെ ഏറെ കൗതുകകരമാണ്. ദുനിയാവിന്റെ അലങ്കാരവും ശോഭയും അഹങ്കാരവുമെല്ലാം ഒരുമിച്ചു. ആ നിമിഷം എല്ലാ കണ്ണുകളും അവനിലായിരുന്നു. അവന്റെ വസ്ത്രവും അലങ്കാരവും ആളുകളെ അമ്പരപ്പിച്ചു. മനസ്സുകൾ അലങ്കാരത്താൽ കവർന്നെടുക്കപ്പെട്ടു. കണ്ടുനിന്നവർ രണ്ട് വിഭാഗങ്ങളായി. ഓരോരുത്തരും അവരവരുടെ ആഗ്രഹങ്ങളും താൽപര്യങ്ങളും അനുസരിച്ച് സംസാരിച്ചു. (ഐഹിക ജീവിതം ലക്ഷ്യമാക്കുന്നവർ അത് കണ്ടിട്ട് ഇപ്രകാരം പറഞ്ഞു:) അവരുടെ താൽപര്യം അതായിരുന്നു. അവരുടെ ഏറ്റവും വലിയ ആഗ്രഹം അതാണ്. അതിനപ്പുറം അവർക്കൊന്നുമില്ല. (ഖാറൂനിന് ലഭിച്ചത് പോലെയുള്ളത് ഞങ്ങൾക്കും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ) ഇഹലോക വിഭവങ്ങളും അലങ്കാരങ്ങളും. (തീർച്ചയായും അവൻ വലിയ ഭാഗ്യവാൻ തന്നെ) ഈ വാക്ക് സത്യമായിരുന്നു. ഈ ലോകത്തിനുശേഷം മറ്റൊരു ജീവിതം ഇല്ലായിരുന്നുവെങ്കിൽ, അപ്പോൾ ഇവിടെ ലഭിക്കുന്നത് തന്നെയാണ് മഹാഭാഗ്യം. കാരണം അവൻ ആഗ്രഹിച്ച ഇഹലോക സുഖം പരമാവധി അവന് ലഭിച്ചു. അതിലൂടെ അവന്റെ ആഗ്രഹങ്ങളെല്ലാം സാക്ഷാൽക്കരിച്ചു. മഹത്തായ ഭാഗ്യം എന്നത് അവരുടെ ലക്ഷ്യമനുസരിച്ചാണ്. എന്നാൽ ഇഹലോക ജീവിതത്തെ തന്റെ ആത്യന്തിക ലക്ഷ്യമാക്കിയവൻ ഏറ്റവും മോശമായതാണ് ലക്ഷ്യമാക്കിയത്. ഇങ്ങനെ ചിന്തിക്കുന്ന ഒരാൾക്ക് ഉന്നതമായ ആഗ്രഹമോ മഹത്തായ ലക്ഷ്യമോ ഇല്ല.

80) (ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവർ പറഞ്ഞു:) കാര്യങ്ങളുടെ യാഥാർഥ്യം മനസ്സിലാക്കുകയും ലോകത്തിന്റെ പൊരുൾ ദർശിക്കുകയും ചെയ്തവർ ബാഹ്യം മാത്രം കണ്ടവരെ പോലെയല്ല. (നിങ്ങൾക്ക് നാശം) ഖാറൂനിന് നൽകിയത് തങ്ങൾക്കും കിട്ടണം എന്ന് ആശിച്ചുപോയതിലുള്ള വേദന, അവരുടെ ഇപ്പോഴത്തെ അവസ്ഥയിലുള്ള സങ്കടം. ഇതിൽ അവരെ എതിർത്തുകൊണ്ട് പറയുന്നു: (അല്ലാഹുവിന്റെ പ്രതിഫലമാണ്) ഈ ലോകത്ത് അവനെ ആരാധിക്കുന്നതിലൂടെയും അവനെ സ്നേഹിച്ച് അവനിലേക്ക് ഖേദിച്ച് മടങ്ങുന്നതിലൂടെയും കിട്ടുന്ന ആസ്വാദനം; പരലോകത്ത് സ്വർഗവും അതിലുള്ള കൊതിപ്പിക്കുന്ന വിഭവങ്ങളും കണ്ണിന് ആനന്ദം നൽകുന്നവയും. (വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക്) നിങ്ങൾ ആഗ്രഹിക്കുന്നതിനേക്കാളും കൊതിച്ചതിനേക്കാളും മികച്ചതാണിത്. ഇതാണ് കാര്യത്തിന്റെ യാഥാർഥ്യം. എന്നാൽ എല്ലാവരും അതിന് മുൻഗണന നൽകി അതിനു തയ്യാറാവുകയും ചെയ്തില്ല. അതിനു കഴിയുന്നത് (ക്ഷമാശീലമുള്ളവർക്കല്ലാതെ) അല്ലാഹുവിനെ അനുസരിക്കുന്നതിൽ ഉറച്ചുനിൽക്കുകയും അവന് അനുസരണക്കേട് കാണിക്കാതിരിക്കാനുമുള്ള ക്ഷമ. വിഷമമുണ്ടാക്കുന്ന അവന്റെ തീരുമാനങ്ങളിലും ക്ഷമിക്കണം. ഈ ലോകത്തിന്റെ ആകർഷണങ്ങളെയും പ്രലോഭനങ്ങളെയും ചെറുക്കുന്നതിൽ അവർ ക്ഷമ കാണിക്കുന്നു. അവയൊന്നും തങ്ങളുടെ രക്ഷിതാവിൽനിന്ന് അശ്രദ്ധമാക്കാതെയും തടയാതെയും അവർ ക്ഷമിക്കുന്നു. നശ്വരമായ ലോകത്തെക്കാൾ അല്ലാഹുവിന്റെ പ്രതിഫലത്തിന് അവർ മുൻഗണന നൽകുന്നു.

81) അഹങ്കാരവും അക്രമവുമായി തുടർന്ന ഖാറൂനിന്റെ അവസ്ഥ അവസാനിച്ചു. ഇഹലോകത്തിന്റെ അലങ്കാരങ്ങൾ അവൻ

അണിഞ്ഞു. അവൻ സ്വയം മഹത്വം ചമഞ്ഞു. ഉടൻ ശിക്ഷ വന്നു. (അങ്ങനെ അവനെയും അവന്റെ ഭവനത്തെയും നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു). അവന്റെ പ്രവർത്തിക്ക് അനുയോജ്യമായ പ്രതിഫലം. അവൻ അല്ലാഹുവിന്റെ ദാസന്മാരിൽ ഔന്നിത്യം നടിച്ചു. അപ്പോൾ അല്ലാഹു അവനെ ഏറ്റവും താഴ്ന്ന നിലയിൽ ആക്കി. അവൻ തന്റെ വീട്, വീട്ടുപകരണങ്ങൾ മറ്റു വിഭവങ്ങൾ കൊണ്ട് വഞ്ചിതനായി.

(ഒരു രക്ഷയും അവന് ഉണ്ടായില്ല). ഒരു സംഘം, സേവകർ, സൈന്യം (അല്ലാഹുവിന് പുറമെ തന്നെ സഹായിക്കുന്ന അവൻ സ്വയം രക്ഷിക്കുന്നവരുടെ കൂട്ടത്തിലും ആയില്ല). അവന് ശിക്ഷ വന്നു. ആരും സഹായിച്ചതുമില്ല. സ്വയം രക്ഷനേടാനുമായില്ല.

82) (ഇന്നലെ അവന്റെ സ്ഥാനം കൊതിച്ചിരുന്നവർ). അതായത് ഇഹലോക ജീവിതം ആഗ്രഹിച്ചവർ. (ഖാറൂനിന് നൽകപ്പെട്ട പോലെ ഞങ്ങൾക്കും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ) എന്ന് പറഞ്ഞവർ. (അവർ പറയുന്നു): വേദനയോടെയും ഗുണപാഠം ഉൾക്കൊണ്ടും ശിക്ഷയെ ഭയന്നും. (അഹോ കഷ്ടം, തന്റെ ദാസന്മാരിൽ താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു ഉപജീവനം വിശാലമാക്കി കൊടുക്കുകയും ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. അല്ലാഹു ഉദ്ദേശിച്ചവർക്ക് അവൻ ഉപജീവനം കുടുസ്സാക്കുന്നു. അതായത് ഹാറൂന് സാമ്പത്തിക വിശാലത ഉണ്ടായത് അവനിലെ നന്മക്ക് തെളിവല്ലെന്ന് ഇപ്പോൾ നമുക്കു മനസ്സിലാകുന്നു. നാം നേരത്തെ പറഞ്ഞതിൽ പിഴവു പറ്റിയിട്ടുണ്ട്. (തീർച്ചയായും അവൻ വലിയ ഭാഗ്യം ഉള്ളവൻ തന്നെ) എന്നു പറഞ്ഞതിൽ.

(ഞങ്ങളോട് അല്ലാഹു ഔദാര്യം കാണിച്ചിരുന്നെങ്കിൽ). അവൻ നാം പറഞ്ഞതിന് നമ്മെ ശിക്ഷിച്ചില്ല. അവന്റെ ഔദാര്യവും അനുഗ്രഹവും ഇല്ലായിരുന്നുവെങ്കിൽ. (ഞങ്ങളെയും അവൻ ആഴ്ത്തിക്കളയുമായിരുന്നു.) അതിനാൽ ഖാറൂനിന്റെ നാശവും ശിക്ഷയും മറ്റുള്ളവർക്ക് ഒരു പാഠവും ഉപദേശവും ആണ്. അവനോട് അസൂയ തോന്നിയവർ പോലും അതിൽ ഖേദിക്കുകയും അവരുടെ കാഴ്ചപ്പാട് മാറ്റുകയും ചെയ്തു. (അഹോ കഷ്ടം, സത്യനിഷേധികൾ വിജയിക്കുകയില്ല). ഇഹത്തിലും പരത്തിലും വിജയിക്കുകയില്ല.

83) ഖാറൂനെയും അവന് നൽകപ്പെട്ട ഐഹിക നേട്ടങ്ങളെയും അവസാനം അവന് സംഭവിച്ചതിനെയും കുറിച്ചെല്ലാം മനസ്സിലാക്കിയവർ പറഞ്ഞു: (വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് അല്ലാഹുവിന്റെ പ്രതിഫലമാണ് കൂടുതൽ ഉത്തമം). പരലോക ജീവിതത്തിനു വേണ്ടി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയാണ് ഇവിടെ. അതിനുള്ള വഴികളും പറഞ്ഞുതരുന്നു. (ആ പാരത്രിക ഭവനം) പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും പറഞ്ഞു തന്ന, അതെല്ലാ സുഖങ്ങളെയും ഉൾക്കൊള്ളുന്നു. എല്ലാ പ്രയാസങ്ങളെയും വിഷമങ്ങളെയും നിരാകരിക്കുകയും ചെയ്യുന്നു. (അതിനെ നാം ഏർപ്പെടുത്തി കൊടുക്കുന്നത്) ആ ഭവനത്തെ, സ്ഥിരതാമസത്തെ (ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു). അല്ലാഹുവിന്റെ അടിമകൾക്കുമേൽ ഔന്നത്യം നേടാനുള്ള ഉദ്ദേശം അവർക്കില്ല. അവരോട് സത്യത്തോടോ അഹങ്കാരം കാണിക്കണമെന്നുമില്ല. (കുഴപ്പമോ) എല്ലാ തെറ്റും ഇതിൽ പെടും. ഭൂമിയിൽ അഹങ്കരിക്കാനോ കുഴപ്പങ്ങൾ ഉണ്ടാക്കാനോ അവർക്ക് ആഗ്രഹമില്ലാത്തതിനാൽ അവരുടെ ലക്ഷ്യം എപ്പോഴും അല്ലാഹു ആയിരിക്കും. ഉദ്ദേശം പരലോകവും. അല്ലാഹുവിന്റെ ദാസന്മാരോട് വിനയം കാണിക്കുകയും സത്യത്തിനും സൽപ്രവർത്തിക്കും അവർ വിധേയരാവുകയും ചെയ്യും.

ഇവർ അല്ലാഹുവിനെ ഭയപ്പെടുന്ന ഭക്തന്മാരാണ്. അവർക്കാണ് നല്ല പര്യവസാനം. അതാണ് അല്ലാഹു പറയുന്നത്: (അന്ത്യപ്രതിഫലം). വിജയം നിലനിൽക്കുന്നതും സുസ്ഥിരവുമായ വിജയം അല്ലാഹുവിനെ സൂക്ഷിക്കുന്നവർക്കാണ്. മറ്റുള്ളവർ ഈ ലോകത്ത് ചില സൗകര്യങ്ങളും സുഖങ്ങളും നേടിയാലും അതിന് നിലനിൽപ്പില്ല. അത് പെട്ടെന്ന് അപ്രത്യക്ഷമാകും. അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് മാത്രമേ നല്ല പ്രതിഫലം ലഭിക്കു എന്ന് ഈ സൂക്തം നമ്മോട് പറയുന്നു. ഭൂമിയിൽ ഔന്നിത്യം നടിക്കുന്നവർക്കും കുഴപ്പമുണ്ടാക്കുന്നവർക്കും പരലോകത്ത് യാതൊരു വിഹിതവും ഇല്ല.

84) തന്റെ ഔദാര്യം ഇരട്ടിപ്പിച്ച് നൽകുന്നതിനെക്കുറിച്ചും അവന്റെ സമ്പൂർണ്ണ നീതിയെക്കുറിച്ചും അല്ലാഹു പറയുന്നു. (ആർ നന്മയും കൊണ്ടുവന്നുവോ,) നന്മ അവൻ ചെയ്യണം എന്ന നിബന്ധന ഉണ്ട്. എന്നാൽ സ്വീകരിക്കപ്പെടാത്ത നന്മയാണ് ചെയ്തതെങ്കിൽ നന്മ ചെയ്തതായി പരിഗണിക്കില്ല. ■



**സ്ത്രീകൾക്ക് മതം അനുവദിച്ച മാന്യമായ അവകാശത്തെ ഇനിയെങ്കിലും ധ്വംസിക്കാതിരിക്കുക. പ്രമാണങ്ങളിലേക്ക് മടങ്ങുക എന്ന ശരിയായ രീതിയെ നിലപാടാക്കി മാറ്റുക. ആചാര, അനുഷ്ഠാന നിയമങ്ങളെ തെളിവുകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാൻ, പതിനാലു നൂറ്റാണ്ട് മുമ്പ് തിരുനബി(സ്വ) പഠിപ്പിച്ച അതേ നിയമങ്ങളിലേക്ക് മടങ്ങുവാൻ തയ്യാറാവുക.**

# സ്ത്രീ പള്ളി പ്രവേശനവും മുസ്‌ലിയാക്കന്മാരുടെ ‘ഹറാം’ ഫത്‌വയും

മൂസ സ്വലാഹി കാര
: 97473 45768

വിശ്വാസിനികൾക്ക് ജുമുഅ-ജമാഅത്തുകളിൽ പങ്കെടുക്കാൻ പള്ളികളിൽ പോകാം എന്നത് മത പ്രമാണങ്ങൾ അനുവദിച്ച് കൊടുത്ത ഒന്നാണ്. നബി(സ്വ)യുടെ കാലം തൊട്ടേ ഉള്ളതാണത്. അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സമസ്തയുടെ മുസ്‌ലിയാക്കന്മാർ ഈ വിഷയത്തിന്റെ പ്രാമാണിക വിധി ‘ഹറാം’ ആണെന്ന് വിധിച്ചു. അത് അനുവദനീയമാണെന്നു പറയുന്നത് പുത്തൻവാദമാണെന്നു പറഞ്ഞ് പരിഹസിക്കുന്നവരായി രംഗത്തിറങ്ങുകയും ചെയ്തു. അനിഷേധ്യമായ തെളിവുകൾക്ക് മുമ്പിൽ പതറുമ്പോൾ നിലപാടുറപ്പിക്കാൻ കഴിയാതെ പരക്കം പായുന്ന അവസ്ഥയും അവരിൽ സംജാതമായിട്ടുണ്ട്.



**സ്ത്രീകൾക്ക് പള്ളിയിൽ പോകാൻ അനുവാദം നൽകിയതിന്റെ ലക്ഷ്യം അവർ പള്ളിയുടെ വിസ്തീർണം അളക്കലോ  അവയുടെ ഭംഗി ആസ്വദിക്കലോ മുസ്‌ലിയാക്കന്മാരെ കാണലോ ഒന്നുമല്ല. വീടുകളിൽ വെച്ച് നമസ്കരിക്കൽ അവർക്ക് ഉത്തമമാണെന്നു പറഞ്ഞിട്ടും ജുമുഅ-ജമാഅത്തുകളിൽ പങ്കെടുക്കാൻ അനുവദിച്ചിട്ടുണ്ടെങ്കിൽ അതിനായി പള്ളിയിൽ പ്രവേശിക്കുക എന്നതിലൂടെ മാത്രമെ ആ സ്വാതന്ത്ര്യം സാധ്യമാവുകയുള്ളൂ. നബി(സ്വ)യുടെ പത്നിമാരും മറ്റു സ്വഹാബാവനിതകളും പള്ളികളിൽ പ്രവേശിച്ചിരുന്നതും അതിനുവേണ്ടി തന്നെയായിരുന്നു. മക്കയിലും മദീനയിലുമടക്കം പല പള്ളികളിലും സ്ത്രീകൾ എത്തുന്നുണ്ടല്ലോ എന്ന ചോദ്യക്കുരുക്കിൽ കുടുങ്ങാതിരിക്കാൻ കൂടിയാണ് മുസ്‌ലിയാക്കന്മാരുടെ ഇത്തരമൊരു നീക്കം.**

പ്രമാണങ്ങളുടെ മുമ്പിൽ നിൽക്കക്കള്ളിയില്ലാതാകുമ്പോൾ അണികളുടെ കണ്ണിൽ തങ്ങൾ പ്രമാണനിഷേധികളല്ലെന്നു വ്യക്തമാക്കാനായി 'സ്ത്രീകളുടെ നിസ്കാര സ്ഥലം,' 'യാത്രക്കാരികളായ സ്ത്രീകൾക്ക് നിസ്കരിക്കാനുള്ള സൗകര്യം' എന്നൊക്കെ ബോർഡ് വെക്കാൻ തുടങ്ങി. 'മര്യാദകൾ പാലിച്ചുകൊണ്ട് പോകാം,' 'പള്ളിയിൽ പ്രവേശിക്കുന്നതിന് കുഴപ്പമില്ല' എന്നിങ്ങനെയും പറയേണ്ടിവന്നിട്ടുണ്ട്.  ഇ.കെ വിഭാഗം പുറത്തിറക്കിയ 'മർമ്മരം സ്പെഷ്യൽ മാഗസിനി'ൽ എഴുതിയത് വായിക്കാം:

"ഇന്നത്തെ ചുറ്റുപാടിൽ മുസ്‌ലിം സ്ത്രീക്കും യാത്ര ചെയ്യേണ്ടി വന്നിരിക്കുന്നു. ന്യൂക്ലിയർ ഫാമിലി(അണുകുടുംബം)യുടെ കാലമാണിത്. ഭർത്താവിനോടൊപ്പം യാത്ര ചെയ്യാനും അവനെ അനുഗമിക്കാനും സ്ത്രീ നിർബന്ധിതയാകുന്നു. ഇത്തരം സന്ദർഭങ്ങളിൽ ആരാധന ചെയ്യാനുള്ള അവകാശത്തെ നിഷേധിക്കുന്നത് മിതമായ വാക്കിൽ പറഞ്ഞാൽ പീഡനം തന്നെയാണ്. വഖ്ത് ആയാൽ പുരുഷന് നിസ്കരിക്കാൻ പള്ളികളും മറ്റു സൗകര്യങ്ങളുമുണ്ട്. സ്ത്രീക്ക് അതില്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. നാട്ടിൻപുറങ്ങൾ പോലും നഗരങ്ങളായിക്കൊണ്ടിരിക്കുന്ന കാലമാണിത്. ആശുപത്രികൾ, യാത്രാകേന്ദ്രങ്ങൾ, പട്ടണങ്ങൾ ഇവിടങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകം പ്രാർത്ഥനാസൗകര്യം ഏർപ്പെടുത്തേണ്ടത് അത്യാവശ്യം തന്നെ. പള്ളികളോടനുബന്ധിച്ചാകുമ്പോൾ പരിപാലന ചെലവു കുറയ്ക്കാം. സുരക്ഷിതത്വവും കൂടും"(പേജ് 11).

### സ്ത്രീ പള്ളി പ്രവേശനമല്ല പ്രശ്നമെന്നോ?

ഭൂമിയിൽ അല്ലാഹുവിന് ഏറെ ഇഷ്ടമുള്ള സ്ഥലം പള്ളിയാണല്ലോ. അവനെ മാത്രം ആരാധിക്കാനും പ്രാർഥിക്കാനുമുള്ള ഇടങ്ങളാണത്. അവിടെ സംഘടിപ്പിക്കപ്പെടുന്ന ജുമുഅ-ജമാഅത്തുകളിൽ പങ്കെടുത്ത് അല്ലാഹുവിന്റെ പ്രതിഫലം നേടിയെടുക്കുവാനാണ് വിശ്വാസികൾ അങ്ങോട്ടു ചെല്ലുന്നത്. അതിനുള്ള സൗകര്യമൊരുക്കിയാൽ ലഭിക്കുന്ന വമ്പിച്ച പ്രതിഫലമാണ് പള്ളി നിർമിക്കുന്നവർ ആഗ്രഹിക്കുന്നത്.

എന്നാൽ സ്ത്രീകൾ പള്ളിയിൽ പ്രവേശിക്കുന്നതിന് കുഴപ്പമില്ലെന്നും അതിനെ സമസ്ത എതിർത്തിട്ടില്ലെന്നും മറിച്ച്, അവിടെ നടത്തപ്പെടുന്ന ജുമുഅ-ജമാഅത്തുകളിൽ അവർ കൂടുന്നതിനെയാണ് വിലക്കിയതും ചോദ്യം ചെയ്തതും എന്നൊക്കെയാണ് മുസ്‌ലിയാക്കന്മാർ കാലങ്ങളായി ജൽപിച്ചുകൊണ്ടിരിക്കുന്നത്.

"സ്ത്രീകളെ പള്ളിയിൽ പ്രവേശിക്കാൻ അനുവദിക്കാതെ രണ്ടാംകിട പൗരന്മാരായി കാണുന്നവരാണ് സുന്നികളെന്ന തീർത്തും വാസ്തവ വിരുദ്ധമായ ദുഷ്പ്രചാരണം നടത്തുന്ന മുജാഹിദ്, ജമാഅത്ത് തുടങ്ങിയ മതയുക്തിവാദികളുടെ കുൽസിത ശ്രമങ്ങളിൽ ആരും വഞ്ചിതരാകരുതെന്ന് സുന്നി നേതാക്കൾ. സ്ത്രീ പള്ളി പ്രവേശനം ഇസ്‌ലാമിക പ്രമാണങ്ങളിൽ ഒരു വിവാദമോ ചർച്ചാവിഷയമോ അല്ല" (സുപ്രഭാതം, 2025 ഡിസംബർ 10, ബുധൻ, പേജ് 2).

“പള്ളികൾ കാഴ്ചബംഗ്ലാവുകളല്ല. കാഴ്ച കാണാൻ പ്രവേശിക്കാനുള്ളതല്ല. അതിനാൽതന്നെ വിവാദത്തിൽ സ്ത്രീകളുടെ പള്ളി പ്രവേശം എന്ന് തലവാചകമാക്കുന്നവർക്ക് ഈ വിഷയത്തിൽ വ്യക്തതയില്ലെന്നാണ് മനസ്സിലാക്കേണ്ടത്” (സുപ്രഭാതം, 2025 ഡിസംബർ 10, ബുധൻ, പേജ് 6).

ചർച്ചയുടെ വഴി തിരിച്ചുവിടാനാണ് മുസ്‌ലിയാക്കന്മാർ നോക്കിയതെങ്കിലും യഥാർഥത്തിൽ ചർച്ച എളുപ്പത്തിലാക്കുന്ന പണിയാണവർ എടുത്തത്. കച്ചവടം നടത്തുന്ന ഒരാൾ അയാളുടെ കടയിലേക്ക് ‘സാധന സാമഗ്രികൾ വാങ്ങാൻ ആരും വരേണ്ടതില്ല; എന്നാൽ ഇവിടെ വന്ന് കട കാണുന്നതിനും അതിൽ കയറുന്നതിനും കുഴപ്പമില്ല’ എന്ന് പറഞ്ഞാൽ അവസ്ഥ എന്തായിരിക്കും? സ്ത്രീകൾക്ക് പള്ളിയിൽ പോകാൻ അനുവാദം നൽകിയതിന്റെ ലക്ഷ്യം അവർ പള്ളിയുടെ വിസ്തീർണം അളക്കലോ അവയുടെ ഭംഗി ആസ്വദിക്കലോ മുസ്‌ലിയാക്കന്മാരെ കാണലോ ഒന്നുമല്ല. വീടുകളിൽ വെച്ച് നമസ്കരിക്കൽ അവർക്ക് ഉത്തമമാണെന്നു പറഞ്ഞിട്ടും ജുമുഅ-ജമാഅത്തുകളിൽ പങ്കെടുക്കാൻ അനുവദിച്ചിട്ടുണ്ടെങ്കിൽ അതിനായി പള്ളിയിൽ പ്രവേശിക്കുക എന്നതിലൂടെ മാത്രമെ ആ സ്വാതന്ത്ര്യം സാധ്യമാവുകയുള്ളൂ. നബി(സ്വ)യുടെ പത്നിമാരും മറ്റു സ്വഹാബാ വനിതകളും പള്ളികളിൽ പ്രവേശിച്ചിരുന്നതും അതിനുവേണ്ടി തന്നെയായിരുന്നു. മക്കയിലും മദീനയിലുമടക്കം പല പള്ളികളിലും സ്ത്രീകൾ എത്തുന്നുണ്ടല്ലോ

**മറ്റു യാത്രകളെ അപേക്ഷിച്ച് പള്ളികളിലേക്ക് അവർ വരുന്നതും പോകുന്നതും അവിടെ വെച്ച് നമസ്കരിക്കുന്നതും സുരക്ഷിതത്വം ഉറപ്പുവരുത്തി തന്നെയാണ്. പള്ളികളെ ചുറ്റിപ്പറ്റിയും അല്ലാതെയും പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയെന്ന് വിളംബരം ചെയ്തും സമസ്തക്കാർ സംഘടിപ്പിക്കുന്ന നേർച്ച, ആണ്ട് ഉറൂസുകൾ, നബിദിനാഘോഷം, വ്യത്യസ്ത ആത്മീയതട്ടിപ്പ് സദസ്സുകൾ, വ്യാജ തീർഥാടന കേന്ദ്രങ്ങളിലേക്കുള്ള യാത്രകൾ... ഇവിടെയൊന്നും ഇവർ പള്ളിയിൽ പോകാൻ തടസ്സമായി പറയുന്ന ‘പരപുരുഷ സാന്നിധ്യം’ ഉണ്ടാകാറില്ലേ? ആരെയാണ് ഇവർ കബളിപ്പിക്കാൻ നോക്കുന്നത്?**

എന്ന ചോദ്യക്കുരുക്കിൽ കുടുങ്ങാതിരിക്കാൻ കൂടിയാണ് മുസ്‌ലിയാക്കന്മാരുടെ ഇത്തരമൊരു നീക്കം.

ഇബ്നു ഉമറി(റ)ൽ നിന്ന്: “നിശ്ചയം, നബി(സ്വ) പറഞ്ഞു: ‘അല്ലാഹുവിന്റെ അടിയാത്തികൾക്ക് അവന്റെ പള്ളികൾ നിങ്ങൾ തടയരുത്’’ (ബുഖാരി, മുസ്‌ലിം).

ഇമാം നവവി(റഹി) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: “ഹദീസുകൾ പ്രകാരം പണ്ഡിതന്മാർ പറഞ്ഞ നിബന്ധനകൾ പാലിക്കുന്നവർക്ക് പള്ളികൾ തടയരുതെന്ന് ഇതും ഇതുപോലുള്ള ഹദീസുകളും വ്യക്തമാക്കുന്നു” (ശർഹു മുസ്‌ലിം).

വിശ്വാസിനികൾ തുണി മൂടിപ്പുതച്ചുകൊണ്ട് നബി (സ്വ)യോടൊപ്പം സ്വുബ്ഹി നമസ്കാരത്തിന് സന്നിഹിതരായിരുവെന്ന് ആഇശ(റ) പറയുന്ന ഹദീസിൽനിന്നുള്ള സുന്നത്തുകൾ വിശദീകരിക്കവെ ഇബ്നു ഹജർ അസ്ഖലാനി(റഹി) പറയുന്നു:

“രാത്രിയിൽ സ്ത്രീകൾ നമസ്കാരത്തിനായി പള്ളികളിലേക്ക് പുറപ്പെടൽ അനുവദനീയമാണെന്നും പ്രശ്നത്തിന് കൂടുതൽ ഇടയുള്ള രാത്രി പറ്റുമെങ്കിൽ പകൽ പുറപ്പെടൽ അതിനെക്കാൾ പറ്റുമെന്നതും ഈ ഹദീസിലുണ്ട്” (ഫത്ഹുൽ ബാരി).

### പ്രമാണ നിലപാടും നിരർഥകമായ ‘ഹറാം’ വിധിയും

നബി(സ്വ) അംഗീകരിച്ച് തന്നൊരു ചര്യയെ യാതൊരു മടിയുമില്ലാതെ നിഷിദ്ധമാക്കുകയും അത് പ്രചരിപ്പിക്കാൻ ഫത്‌വയിറക്കുകയും ചെയ്യുന്നത് സമസ്തക്കാരുടെ ശൈലിയാണ്. കാന്തപുരം എഴുതിയത് കാണുക:

“പൊതുസ്ഥലത്തു വെച്ച് പരപുരുഷന്മാരോടൊപ്പം ഒരു ഇമാമിന്റെ കീഴിൽ നടത്തപ്പെടുന്ന ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കൽ സ്ത്രീകൾക്ക് അനുവദനീയമാണോ അല്ലയോ എന്നത് യഥാർത്ഥ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ അനുയായികളായ സുന്നികളുടെയും മുജാഹിദു തുടങ്ങിയ പുത്തനാശയക്കാരുടെയും ഇടയിൽ ഇന്ന് ഒരു വിവാദ വിഷയമാണല്ലോ. പ്രസ്തുത ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കൽ അനുവദനീയവും പുണ്യ

കർമ്മവുമാണെന്ന് പുരോഗമന വാദികൾ വാദിക്കുമ്പോൾ അതു നിഷിദ്ധമാണെന്ന് സുന്നികൾ അവകാശപ്പെടുന്നു" (സ്ത്രീകളും ജുമുഅ ജമാഅത്തും, പേജ് 9).

മറ്റൊരു മുസ്‌ലിയാരും ഹറാമാണെന്നു വിധിപറയുന്നത് കാണുക: "എന്നാൽ പള്ളിയിലോ വഴിയിലോ പരപുരുഷ സാന്നിധ്യത്തിന്റെ എന്തെങ്കിലും പ്രശ്നത്തെക്കുറിച്ച് ബലമായ ധാരണയോ ഉറപ്പോ ഉണ്ടാകുന്ന പക്ഷം ഹറാമാണ്. കാലങ്ങളായി ഇക്കാര്യത്തിൽ സംശയമില്ല. ഇത് ദീനിന്റെ നിയമമാണ്. കേവല നാട്ടുരീതിയല്ല" (സുപ്രഭാതം, 2025 ഡിസംബർ 10, ബുധൻ, പേജ് 6).

ഇവർ പറയുന്ന 'പരപുരുഷ സാന്നിധ്യം' എന്ന 'കാരണം' നമസ്കാരത്തിന് പോകുമ്പോൾ മാത്രം സംഭവിക്കുന്ന ഒരു പ്രതിഭാസമാണോ? സ്ത്രീകൾ പുറത്ത് പോകുമ്പോഴെല്ലാം അന്യപുരുഷന്മാരുമായി ഇടകലരാൻ സാധ്യതയുള്ളതിനാൽ പരീക്ഷിക്കപ്പെടുമോ എന്ന പേടിയുണ്ടാകണം, പരമാവധി സൂക്ഷ്മത പുലർത്തണം. മറ്റു യാത്രകളെ അപേക്ഷിച്ച് പള്ളികളിലേക്ക് അവർ വരുന്നതും പോകുന്നതും അവിടെ വെച്ച് നമസ്കരിക്കുന്നതും സുരക്ഷിതത്വം ഉറപ്പുവരുത്തി തന്നെയാണ്. പള്ളികളെ ചുറ്റിപ്പറ്റിയും അല്ലാതെയും പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയെന്ന് വിളംബരം ചെയ്തും സമസ്തക്കാർ സംഘടിപ്പിക്കുന്ന നേർച്ച, ആണ്ട് ഉറൂസുകൾ, നബിദിനാഘോഷം, വ്യത്യസ്ത ആത്മീയതട്ടിപ്പ് സദസ്സുകൾ, വ്യാജ തീർഥാടന കേന്ദ്രങ്ങളിലേക്കുള്ള യാത്രകൾ... ഇവിടെയൊന്നും ഇവർ പള്ളിയിൽ പോകാൻ തടസ്സമായി പറയുന്ന 'പരപുരുഷ സാന്നിധ്യം' ഉണ്ടാകാറില്ലേ? ആരെയാണ് ഇവർ കബളിപ്പിക്കാൻ നോക്കുന്നത്?

**ദുർന്യായങ്ങളുടെ പുൽക്കൊടി**

വസ്തുതകൾ അംഗീകരിക്കാൻ വൈമനസ്യമുള്ള മുസ്‌ലിയാക്കന്മാരുടെ അവസാനത്തെ അഭയം ദുർന്യായങ്ങളിലാണ്. പറയുന്നത് പതിരാണെങ്കിലും പിടിച്ചുനിൽക്കാൻ എന്തെങ്കിലുമായല്ലോ എന്ന ആശ്വാസത്തിലായിരിക്കും അവർ. മതം അംഗീകരിച്ച സ്ത്രീ പള്ളി പ്രവേശത്തെ എതിർക്കാൻ വേണ്ടി അവർ നിരത്തുന്ന ചില ദുർന്യായങ്ങൾ നമുക്ക് പരിശോധിക്കാം:

"ഈ ബാധ്യത പുരുഷന്മാരുടെ മേലിലാണുള്ളത്. അതുകൊണ്ടാണ് നബി(സ്വ) പ്രസ്താവിച്ചത്: വീടുകളിലെ സ്ത്രീകളും കുട്ടികളും ഇല്ലായിരുന്നുവെങ്കിൽ പള്ളിയിൽ നിസ്കാരത്തിന് വരാത്ത പുരുഷന്മാരുടെ ഭവനങ്ങളിലുള്ള മുഴുവനും തീയിട്ട് കത്തിച്ചു കളയാൻ ഞാൻ ഉത്തരവിടുമായിരുന്നു" (സുപ്രഭാതം, 2025 ഡിസംബർ 10, പേജ് 6).

സ്ത്രീകൾ പള്ളിയിൽ പോകരുതെന്നോ, അവരെ തടയണമെന്നോ ഈ ഹദീസിൽ എവിടെയുമില്ല. അത്തരമൊരു വിധി പഠിപ്പിക്കാനുമല്ല ഇത്. തങ്ങൾക്ക് നിർബന്ധമായതിൽ വീഴ്ച വരുത്തിയ പുരുഷന്മാർക്ക് നബി(സ്വ) നൽകിയ ശക്തമായ താക്കീതാണ് ഈ ഹദീസിലുള്ളത്.

എന്നാൽ ഇമാം ബുഖാരി (റഹി), ഇമാം മുസ്‌ലിം(റഹി) എന്നിവർ ഉദ്ധരിച്ച മറ്റൊരു ഹദീസിൽ, ഇശാഅ് നമസ്കാരം വളരെ വൈകിയപ്പോൾ ഉമർ(റ) നബി(സ്വ)യോട് 'കുട്ടികളും സ്ത്രീകളുമൊക്കെ ഉറങ്ങി നബിയേ' എന്നു പറഞ്ഞ ഭാഗമുണ്ട്. അത് മുസ്‌ലിയാക്കന്മാർ കാണാതെ പോയതാകാൻ വഴിയില്ലല്ലോ. കണ്ടില്ലെന്നു നടിക്കലല്ലാതെ മറ്റെന്തു വഴി!

രാത്രി വൈകിയിട്ടും സ്ത്രീകൾ നമസ്കാരത്തിന് പള്ളിയിൽ ഉണ്ടായിരുന്നു എന്നല്ലേ ഇത് വ്യക്തമാക്കിത്തരുന്നത്? ഇമാം ബുഖാരി(റ) ഈ ഹദീസ് കൊണ്ടുവന്നത് 'സ്ത്രീകൾ രാത്രിയിലും സ്വുബ്ഹിക്കും പള്ളികളിലേക്ക് പുറപ്പെടൽ' എന്ന ഭാഗത്താണ്. സ്ത്രീകൾ പള്ളിയിൽ ഉണ്ടായിരുന്നു എന്ന് ഇതിൽനിന്ന് ഇമാം നവവി(റഹി) എടുത്ത് പറഞ്ഞിട്ടുമുണ്ട്.

ആഇശ(റ)യിൽ നിന്നുള്ള ഹദീസ് സൂചിപ്പിച്ചുകൊണ്ട് മുസ്‌ലിയാർ പടച്ചുവിട്ട കളവ് കാണുക: "സ്ത്രീകളുടെ പുതിയ സ്ഥിതിയെങ്ങാനും നബി (സ്വ) കണ്ടിരുന്നുവെ


സ്ത്രീകളുടെ ജുമുഅ-ജമാഅത്ത്

എം.ടി. അബൂബക്കർ ദാരിമി

**മുസ്‌ലിയാർ എഴുതുന്നു: “നബിയുടെ കാലത്ത് പള്ളിയിൽ സ്ത്രീകൾ നിസ്കരിച്ചതായും ഇഅ്തികാഫിരുന്നതായും പുരുഷന്മാരുടെ പിറകിൽ ജമാഅത്തായി നിസ്കരിച്ചതായും പറയുന്ന സംഭവങ്ങളുണ്ടല്ലോ എന്നാണ് ചോദ്യം. യഥാർഥത്തിൽ അതെല്ലാം ‘പ്രാവർത്തിക’ സംഭവങ്ങളാണ്, നിർദേശങ്ങളല്ല” (സുപ്രഭാതം, പേജ് 6). നബി(സ്വ)യുടെ കാലത്തു തന്നെ സ്ത്രീകൾ പള്ളിയിൽ ആരാധനകൾക്കായി സംബന്ധിച്ചിരുന്നു എന്നത് മുസ്‌ലിയാന്മാർക്ക് തുറന്ന് സമ്മതിക്കേണ്ടി വന്നിരിക്കുന്നു. ഇതൊന്നും താൽക്കാലിക അനുമതിയായിരുന്നില്ല, തുടർത്തിപ്പോരാനുള്ള തു തന്നെയായിരുന്നു. മുസ്‌ലിയാർ ഉപയോഗിച്ച ‘പ്രാവർത്തികം’ എന്ന വാക്കുതന്നെ അർഥമാക്കുന്നത് പ്രവർത്തിക്കാനുള്ളത് എന്നായിരിക്കെ അതെങ്ങനെയാണ് പ്രവാചക നിർദേശ പ്രകാരമാകാതിരിക്കുക?**

ങ്കിൽ ഇസ്‌റാഈലി സ്ത്രീകൾക്ക് പള്ളി വിലങ്ങപ്പെട്ടതുപോലെ നബി(സ്വ) അവർക്ക് പള്ളി തടയുമായിരുന്നു(മുസ്‌ലിം 445). അതിനാൽ, സ്ത്രീകളെ തടയരുതെന്ന നിയമം നബി(സ്വ)യുടെ കാലത്തേക്കോ അഴകും ആകർഷണവുമില്ലാത്ത വയോധികരെ സംബന്ധിച്ചോ ആണെന്ന് മനസിലാക്കുക(തുഹ്ഫ 2 -252). ആയിശ(റ)വിന്റെ ഈ ഹദീസ് തെളിവല്ലെന്ന് ‘സ്ത്രീപള്ളിപ്രവേശം’ എന്ന തലവാചകത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രബന്ധം എഴുതിയവരുണ്ട്...” (സുപ്രഭാതം, പേജ് 6).

ഫിത്നക്ക് തിരികൊളുത്തുന്നതായ ഭംഗി, അലങ്കാരം, ലജ്ജയില്ലായ്മ എന്നിവ പ്രകടമായ സ്ത്രീകളുടെ പുതിയ അവസ്ഥ അവരെ പള്ളികളിൽനിന്ന് തടയുന്നതിലേക്ക് വഴിവെക്കുന്നതാകയാൽ സൂക്ഷ്മത പാലിക്കാൻ ആയിശ(റ) പറഞ്ഞ കാര്യമാണിത്. അനുവാദം എന്ന വിധിയെ മൊത്തത്തിൽ ഹനിക്കുന്ന വാക്കായി അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ ആരും തന്നെ ഇതിനെ എടുത്തിട്ടില്ല. പ്രമാണങ്ങൾ അനുവദിച്ച കാര്യത്തെ നിരുപാധികം ഹറാമായി പ്രഖ്യാപിക്കാൻ ആർക്കും അനുവാദമില്ലല്ലോ. ഹദീസ് തുടങ്ങുന്നത് ‘നബി(സ്വ) കണ്ടിരുന്നെങ്കിൽ’ എന്നായതിനാൽ ഇതേ അവസ്ഥ അന്നുണ്ടായിരുന്നെങ്കിൽ അവരെ നബി(സ്വ) തടയുമായിരുന്നു എന്നതും വ്യക്തമാണ്. പള്ളിപ്രവേശനം വയോധികമാർക്ക് മാത്രമാക്കി ചുരുക്കുന്ന ഇവർ ഈ ഹദീസിന് ഇബ്നു ഹജർ അസ്ഖലാനി(റഹി) കൊടുത്ത വിശദീകരണം കൂടി ശ്രദ്ധിക്കട്ടെ:


സ്ത്രീ പള്ളിപ്രവേശ വിവാദം മതയുക്തിവാദികളുടെ സൃഷ്ടി: സുന്നി നേതാക്കൾ

“അവരിൽ പുതുതായി സംഭവിക്കുന്ന(സൗന്ദര്യ പ്രകടനവും ഭംഗിയും) പള്ളികളിൽനിന്ന് തടയൽ അനിവാര്യമാക്കുന്നുവെങ്കിൽ അതുകൊണ്ട് അങ്ങാടികൾ പോലുള്ളവയിൽനിന്ന് അവരെ തടയുന്നതാണ് ഏറ്റവും പ്രാമുഖ്യം” (ഫത്ഹുൽ ബാരി).

മുസ്‌ലിയാരുടെ ‘ഗംഭീരമായ’ ഒരു കണ്ടുപിടിത്തം കൂടി കാണുക: “സ്ത്രീകൾ പള്ളിയിൽ ഒരുമിച്ചുകൂടുന്നതോ അവിടെ ജുമുഅ-ജമാഅത്തുകളിൽ പങ്കാളിയാകുന്നതോ ഖുർആൻ പഠിപ്പിക്കുന്നില്ല. പള്ളിയുടെ ആളുകളായി പുരുഷന്മാരെയാണ് ഖുർആൻ പലയിടത്തായി പരാമർശിക്കുന്നത്” (സുപ്രഭാതം, പേജ് 6).

ഇതിനുള്ള മറുപടിയായി ഖുർആൻ സൂക്തങ്ങൾ ഉദ്ധരിച്ചാൽ തന്നെ മതി. അല്ലാഹു പറയുന്നു: “സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ” (62:9).

ഈ കൽപന പൊതുവായതായതിനാൽ ആണിനും പെണ്ണിനും ബാധകമാണ്. അല്ലെങ്കിൽ സാമാനമായ അനവധി ആയത്തുകളിലുള്ള നിയമങ്ങളിൽനിന്ന് സ്ത്രീകൾ പുറത്താണെന്ന് വാദിക്കേണ്ടി വരും. പള്ളിയെ പറയുമ്പോൾ മാത്രമല്ല മറ്റു പലയിടത്തും 'രിജാൽ' (ആളുകൾ) എന്ന പ്രയോഗം ഖുർആനിൽ വന്നിട്ടുണ്ട്. അതിൽനിന്നെല്ലാം സ്ത്രീകൾ മാറ്റി നിർത്തപ്പെടുമോ? അതുപോലെ 'നാസ്' (ജനങ്ങൾ) എന്ന പദവും ഖുർആനിൽ ധാരാളമായി കാണാം. അതും സ്ത്രീകളെ അകറ്റി നിർത്തിയുള്ളതാണോ?

ഇമാം ശാഫിഈ(റഹി)യെ ഉദ്ധരിച്ച് മുസ്‌ലിയാർ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത് കാണുക: "സച്ചരിതരായ മുൻഗാമികളിൽനിന്നാരെങ്കിലും തങ്ങളുടെ സ്ത്രീകളോട് ജുമുഅക്കോ ജമാഅത്തിനോ രാത്രിയിലോ പകലിലോ പുറപ്പെടാൻ കൽപ്പിച്ചതായി എനിക്ക് വിവരം കിട്ടിയിട്ടില്ല. അതിൽ വല്ല പുണ്യവുമുണ്ടായിരുന്നുവെങ്കിൽ അവർ തീർച്ചയായും അതിലേക്കു പ്രേരിപ്പിക്കുകയും അനുവാദം കൊടുക്കുകയും ചെയ്യുമായിരുന്നു" (സുപ്രഭാതം, പേജ് 6).

നാല് മദ്ഹബുകളുടെ ഇമാമുമാരും 'അനുവാദം' എന്ന വിധിയെ എതിർക്കാത്തവരാണ്. ശാഫിഈ(റഹി) തന്റെ 'ഇഖ്തിലാഫുൽ ഹദീസ്' എന്ന ഗ്രന്ഥത്തിൽ നടത്തിയ ചർച്ചയെ തെറ്റിച്ചാണ് മുസ്‌ലിയാർ ഇവിടെ ഉപയോഗിച്ചത്. മാത്രവുമല്ല, അദ്ദേഹത്തിന്റെ 'മുസ്നദുശ്ശാഫിഈ' എന്ന പ്രസിദ്ധ ഹദീസ് ഗ്രന്ഥത്തിൽ ഈ വിഷയകമായി വന്നിട്ടുള്ള മിക്ക ഹദീസുകളും അദ്ദേഹം ഉൾപ്പെടുത്തിയിട്ടുമുണ്ട്. അതിൽ എവിടെയും ഇതിനെ എതിർത്തൊരു വാക്ക് അദ്ദേഹത്തിന്റേതായി ചേർത്തിട്ടുമില്ല.

ഇബ്നു റജബ്(റഹി) അദ്ദേഹത്തിന്റെ ഫത്ഹുൽ ബാരിയിൽ പറയുന്നു: "ഭർത്താവിന്റെ അനുവാദമില്ലാതെ ഒരു സ്ത്രീ പള്ളിയിൽ പോകാൻ പാടില്ല എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരമില്ലെന്ന് നമുക്കറിയാം. ഇബ്നുൽ മുബാറക്(റഹി), ശാഫിഈ(റഹി), മാലിക്(റഹി), അഹ്മദ്(റഹി) തുടങ്ങിയവരുടെ അഭിപ്രായമാണിത്. എന്നാൽ, തടസ്സം കൂടാതെ ഭാര്യ പുറപ്പെടുന്നുണ്ടെന്ന ഭർത്താവിന്റെ അറിവ് അനുവാദത്തിന് പര്യാപ്തമായതാണെന്ന് മുൻകാല പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്."

മുസ്‌ലിയാർ എഴുതുന്നു: "നബിയുടെ കാലത്ത് പള്ളിയിൽ സ്ത്രീകൾ നിസ്കരിച്ചതായും ഇഅ്തികാഫിരുന്നതായും പുരുഷന്മാരുടെ പിറകിൽ ജമാഅത്തായി നിസ്കരിച്ചതായും പറയുന്ന സംഭവങ്ങളുണ്ടല്ലോ എന്നാണ് ചോദ്യം. യഥാർത്ഥത്തിൽ അതെല്ലാം 'പ്രാവർത്തിക' സംഭവങ്ങളാണ്, നിർദേശങ്ങളല്ല" (സുപ്രഭാതം, പേജ് 6).

നല്ല തമാശ തന്നെ! നിർദേശങ്ങളല്ല, 'പ്രാവർത്തിക' സംഭവങ്ങളാണ് പൊലും! സ്വഹാബാ വനിതകളാരെങ്കിലും നബി(സ്വ)യുടെ നിർദേശമില്ലാതെ ദീനിൽ ഒരു കാര്യം പ്രാവർത്തികമാക്കുമോ? നബി (സ്വ)യുടെ കാലത്ത് അവർ പ്രാവർത്തികമാക്കിയിട്ടുണ്ടെങ്കിൽ അത് പുത്തൻവാദികളുടെ കണ്ടുപിടിത്തമാകുമോ?

നബി(സ്വ)യുടെ കാലത്തു തന്നെ സ്ത്രീകൾ പള്ളിയിൽ ആരാധനകൾക്കായി സംബന്ധിച്ചിരുന്നു എന്നത് മുസ്‌ലിയാന്മാർക്ക് തുറന്ന് സമ്മതിക്കേണ്ടി വന്നിരിക്കുന്നു. ഇതൊന്നും താൽക്കാലിക അനുമതിയായിരുന്നില്ല, തുടർത്തിപ്പോരാനുള്ളതു തന്നെയായിരുന്നു. മുസ്‌ലിയാർ ഉപയോഗിച്ച 'പ്രാവർത്തികം' എന്ന വാക്കുതന്നെ അർഥമാക്കുന്നത് പ്രവർത്തിക്കാനുള്ളത് എന്നായിരിക്കെ അതെങ്ങനെയാണ് പ്രവാചക നിർദശേപ്രകാരമാകാതിരിക്കുക?

"പതിനാലു നൂറ്റാണ്ട് മുമ്പ് തിരുനബി(സ്വ) പഠിപ്പിച്ച അതേ നിയമങ്ങൾ എക്കാലവും മുസ്‌ലിംകൾ തുടരും. കാലത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തുകയും തിരുത്തുകയും ചെയ്യുകൊണ്ടിരിക്കുന്ന പ്രത്യയശാസ്ത്രമല്ല ഇസ്‌ലാമെന്നും സ്ത്രീകളുടെ വിഷയത്തിൽ ഇസ്‌ലാം നിശ്ചയിച്ച മാർഗരേഖ അംഗീകരിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണെന്നും നേതാക്കൾ പറഞ്ഞു" (സുപ്രഭാതം, പേജ് 2).

ഇപ്പറഞ്ഞത് വളരെ ശരിയാണ്. ഈ പ്രസ്താവനയെ അന്വർഥമാക്കാൻ സമസ്തയുടെ നേതൃത്വം തയ്യാറുണ്ടോ? എങ്കിൽ അതോടെ മതവിഷയങ്ങളിലെ അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കാൻ സാധിക്കും. സ്ത്രീകൾക്ക് മതം അനുവദിച്ച മാന്യമായ അവകാശത്തെ ഇനിയെങ്കിലും ധ്വംസിക്കാതിരിക്കുക. പ്രമാണങ്ങളിലേക്ക് മടങ്ങുക എന്ന ശരിയായ രീതിയെ നിലപാടാക്കി മാറ്റുക. ആചാര, അനുഷ്ഠാന നിയമങ്ങളെ തെളിവുകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാൻ, പതിനാലു നൂറ്റാണ്ട് മുമ്പ് തിരുനബി(സ്വ) പഠിപ്പിച്ച അതേ നിയമങ്ങളിലേക്ക് മടങ്ങുവാൻ തയ്യാറാവുക. ■




# വൈവിധ്യങ്ങൾ ഭിന്നിക്കുവാനല്ല

ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്
: 00968-98242217

വംശീയതയുടെയും ദേശീയതയുടെയും വർണവിവേചനത്തിന്റെയുമൊക്കെ പേരിൽ ലോകത്ത് രക്തം ചിന്തപ്പെട്ടതിന് കണക്കില്ല. ‘ഞങ്ങളാണ് ഉന്നതർ, നിങ്ങൾ താഴ്ന്നവരാണ്’ എന്ന ചിന്ത അഹങ്കാരത്തിന്റെ ഉൽപന്നമാണ്. അടിച്ചമർത്തലുകളിലേക്ക് നയിക്കുന്നതാണത്. എന്നാൽ, പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പ് അറേബ്യൻ മരുഭൂമിയിൽ മാറ്റത്തിനു തിരികൊളുത്തിയ ക്വുർആനാകുന്ന ദൈവിക വചനം മനുഷ്യൻ കെട്ടിപ്പടുത്ത വിഭാഗീയതകളുടെ മതിലുകളെല്ലാം തകർത്തെറിയുന്നതാണ്.

മനുഷ്യസമൂഹത്തിന്റെ ഏകത്വവും വൈവിധ്യവും ക്വുർആൻ എടുത്തുപറയുന്നുണ്ട്. ക്വുർആൻ 49:13 സൂക്തം മനുഷ്യരിലെ വൈവിധ്യങ്ങൾ, നാടുകൾ, ഗോത്രങ്ങൾ എന്നിവയുടെ ദൈവിക ഉദ്ദേശ്യത്തെ പ്രകാശിപ്പിക്കുന്നു. ഈ ആയത്ത് വംശീയതയ്ക്കെതിരെയുള്ള ശക്തമായ സന്ദേശമാണ്. മനുഷ്യരെ ഏക കുടുംബമായി കാണാൻ പ്രേരിപ്പിക്കുന്നു. മനുഷ്യരെല്ലാം ഒരൊറ്റ അസ്തിത്വത്തിൽനിന്ന് ഉരുവം കോണ്ടവരാണെന്ന് ക്വുർആൻ 4:1ൽ വിശദമാക്കിയത് കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കി. എങ്കിൽ പിന്നെ എന്തിനാണ് നമുക്കിടയിൽ ഇത്രയധികം നിറവ്യത്യാസങ്ങളും ഭാഷകളും ദേശങ്ങളും ഗോത്രങ്ങളും? ഈ വൈവിധ്യങ്ങളുടെ ഉദ്ദേശ്യം എന്താണെന്ന് വിശദീകരിക്കുന്ന, മനുഷ്യസമത്വത്തിന്റെ ഏറ്റവും ഉജ്ജ്വലമായ പ്രഖ്യാപനം കൂടിയാണ് സൂറത്തുൽ ഹുജുറാത്തിലെ ഈ 13ാം വചനം.

**പുറംമോടി കണ്ട് മനുഷ്യർക്ക് ഒരാളെ ബഹുമാനിക്കാം. എന്നാൽ ഉള്ളിന്റെയുള്ളിലെ സത്യസന്ധതയും ഭക്തിയും അളക്കാൻ സ്രഷ്ടാവിനല്ലാതെ മറ്റാർക്കും കഴിയില്ല. അതുകൊണ്ടാണ് 'അല്ലാഹു എല്ലാം അറിയുന്നവനും (അലീം) സൂക്ഷ്മജ്ഞാനിയും (ഖബീർ) ആകുന്നു' എന്നു പറഞ്ഞ് വചനം അവസാനിക്കുന്നത്. ജനങ്ങളെ ബോധിപ്പിക്കാൻ വേണ്ടി വേഷം കെട്ടുന്നതിൽ കാര്യമില്ലെന്നും സ്രഷ്ടാവിനെയാണ് ബോധ്യപ്പെടുത്തേണ്ടതെന്നും ഇത് ഓർമിപ്പിക്കുന്നു.**

"ഹേ; മനുഷ്യരേ! തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു."

**വൈവിധ്യങ്ങൾ 'തിരിച്ചറിയാൻ' വേണ്ടി!**

മനുഷ്യർ പല ദേശക്കാരായും പല ഗോത്രക്കാരായും നിലനിൽക്കുന്നത് പരസ്പരം പോരടിക്കാനോ, മേനി നടിക്കാനോ വേണ്ടിയല്ല. മറിച്ച്, 'ലി തആറഫൂ' (നിങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടി) മാത്രമാണ്. ഒരു തോട്ടത്തിൽ പല നിറത്തിലുള്ള പൂക്കൾ ഉണ്ടാകുന്നത് അതിന്റെ ഭംഗി കൂട്ടുന്നതുപോലെ, മനുഷ്യരിലെ ഈ വൈവിധ്യം ദൈവത്തിന്റെ ഒരു ദൃഷ്ടാന്തമാണ്. 'ഞാൻ ഇന്ന തറവാട്ടുകാരനാണ്, 'ഇന്ന രാജ്യക്കാരനാണ്' എന്നൊക്കെ പറയുന്നത് കേവലം ഒരു മേൽവിലാസം മാത്രമാണ്, അതൊരിക്കലും ഒരു യോഗ്യതയല്ല.

**കർമം കൊണ്ടാണ് മഹത്ത്വം വന്നുചേരുന്നത്**

ആർക്കാണ് ദൈവത്തിന് മുന്നിൽ ഏറ്റവും സ്ഥാനമുള്ളത്? വെളുത്തവനോ? അറബിക്കോ? അനറബിക്കോ? സമ്പന്നനോ? അധികാരമുള്ളവനോ? അല്ല! ദൈവത്തിന്റെ തൃപ്തിയാഗ്രഹിച്ച് സൂക്ഷ്മത പുലർത്തി ജീവിക്കുന്നവനാരോ അയാൾക്കാണ്! അയാൾ ദരിദ്രനായാലും കറുത്തവനായാലും ശരി! തറവാട്ടുമഹിമയോ തൊലിയുടെ നിറമോ നോക്കിയല്ല സ്രഷ്ടാവ് മനുഷ്യനെ അളക്കുന്നത്. അവന്റെ മനസ്സിലെ നന്മയും ജീവിതത്തിലെ വിശുദ്ധിയും ദൈവഭയവും മാത്രമാണ് മാനദണ്ഡം. കറുത്ത അടിമയായിരുന്ന ബിലാലും തൊലി വെളുത്ത ഖുറൈശി നേതാക്കളും തോളോടു തോൾ ചേർന്ന് നിന്നതിൽ ഇതിന്റെ സൗന്ദര്യം നാം ദർശിക്കുന്നു.

മനുഷ്യാവകാശങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ലോകത്തിന് മാറ്റിനിർത്താൻ കഴിയാത്ത വചനമാണിത്: "അറബിക്ക് അനറബിയെക്കാളോ, അനറബിക്ക് അറബിയെക്കാളോ, വെളുത്തവന് കറുത്തവനെക്കാളോ, കറുത്തവന് വെളുത്തവനെക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല; ദൈവഭക്തി (തക്‌വ) കൊണ്ടല്ലാതെ." പ്രവാചകൻ(സ്വ) തന്റെ വിടവാങ്ങൽ പ്രസംഗത്തിലാണ് ഈ പ്രഖ്യാപനം നടത്തിയത്.

പുറംമോടി കണ്ട് മനുഷ്യർക്ക് ഒരാളെ ബഹുമാനിക്കാം. എന്നാൽ ഉള്ളിന്റെയുള്ളിലെ സത്യസന്ധതയും ഭക്തിയും അളക്കാൻ സ്രഷ്ടാവിനല്ലാതെ മറ്റാർക്കും കഴിയില്ല. അതുകൊണ്ടാണ് 'അല്ലാഹു എല്ലാം അറിയുന്നവനും (അലീം) സൂക്ഷ്മജ്ഞാനിയും (ഖബീർ) ആകുന്നു' എന്നു പറഞ്ഞ് വചനം അവസാനിക്കുന്നത്. ജനങ്ങളെ ബോധിപ്പിക്കാൻ വേണ്ടി വേഷം കെട്ടുന്നതിൽ കാര്യമില്ലെന്നും സ്രഷ്ടാവിനെയാണ് ബോധ്യപ്പെടുത്തേണ്ടതെന്നും ഇത് ഓർമിപ്പിക്കുന്നു.

ഭൗതികമായ പലതിന്റെയും പേരിൽ മനുഷ്യൻ മനുഷ്യനെ വെറുക്കുന്ന ഈ കാലഘട്ടത്തിൽ വിശേഷിച്ചും ഇസ്‌ലാമിന്റെ ഈ സന്ദേശത്തിന് പ്രസക്തി ഏറെയാണ്. ■

കവിത

# ലഹരിയെ തുരത്തുക

സാബിറ ബിൻത് സലീം. പി



ലഹരിയോടടുത്തിടല്ലെ മക്കളേ
നാശമാണതെന്നുമെന്നതോർക്കണേ
ലഹരി നൽകിടുന്നതേറെ യാതന
ജീവിതം തകർത്തിടുന്ന വേദന
ഉമ്മബാപ്പമാർക്കു നേരെ തിരിയുവാൻ
കാരണമാണല്ലോ ലഹരി മക്കളേ
തല്ലുവാനും കൊല്ലുവാനും പോലുമെ
കാരണമായ് മാറും ലഹരിയോർക്കണേ
തിരിച്ചറിവില്ലാതെയാക്കി മാറ്റിടും
ഏതു തെറ്റിലേക്കുമെ നയിച്ചിടും
ലഹരി വാങ്ങാൻ കാശിനായി പാഞ്ഞിടും
കിട്ടിയില്ലേൽ ഭ്രാന്തനായി മാറിടും
അക്രമങ്ങൾ ചെയ്തിടുന്നോനായിടും
നാട്ടിലാർക്കും കണ്ടിടാത്തോനായിടും
ലഹരിയോടടുത്തിടല്ലെ മക്കളേ
നാശമാണതെന്നുമെന്നതോർക്കണേ



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi



പുറത്തിറങ്ങി
മലയാളത്തിൽ ആദ്യമായി
WISDOM BOOKS
تفسير السعدي
തഫ്സീർ അസ്സഅദി
മലയാളം
ജുസ്അ് 28-30
അബ്ദുറഹ്മാൻ നാസിർ അസ്സഅദി
ഹാരിസ് ബിൻ സലീം
നിങ്ങളുടെ കോപ്പികൾ ഉറപ്പ് വരുത്തുക
₹450
₹370
ലളിതമായ രീതിയിലുള്ള അവതരണം
തഫ്സീർ അസ്സഅദി
[മലയാളം]
ജുസ്അ് 28-30
അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവർത്തനം: ഹാരിസ് ബിൻ സലീം
ORDER NOW
പുസ്തകം നിങ്ങളുടെ വീട്ടിൽ എത്തിക്കുന്നു
WISDOM BOOKS
WISDOM BOOKS AND PUBLICATIONS
CV Complex, PV Swami Road, Chalappuram,
Kozhikode 673002. Mob: +91 7356766478
www.wisdombooksonline.com
CONTACT: Mob: +91 7356 766 478

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
03 January 2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM
ISLAMIC ORGANIZATION

VISION 2030
جامعة الهند الإسلامية

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

# CONVOCATION 3.0

2026 ഫെബ്രുവരി **6 7 8** വാദീ അൽ ഹിക്മ
മിനിഊട്ടി, മലപ്പുറം



www.jamiaalhind.com | +91 9961 725 725 | info@jamiaalhind.com